# വ്യാപാരകേരളം

സമ്പൂർണ്ണ മാസിക

പുസ്തകം 2 ലക്കം 12 പേജുകൾ 45 മാർച്ച് 2022



## ലതയെന്ന ജീവശ്വാസം!

- സമകാലികം
- കാർട്ടൂൺ കേരളം
- കഥ
- കവിത




**ലളിത ഭരതനും ശ്രീക്കുട്ടിക്കുമൊപ്പം**



അതുല്യരായ രണ്ട് മഹാപ്രതിഭകൾ കലാരംഗത്തുനിന്നും വിടപറഞ്ഞത് കഴിഞ്ഞ നാളുകളിലാണ്. സംഗീതനൗക വാനമേഘങ്ങളിൽ കൂടിയും അനായാസം തുഴഞ്ഞു കടന്നുപോയ ഭാരതരത്നം ലതാമങ്കേഷ്കർ ആണ് അവരിലൊരാൾ. നാടകത്തിൽനിന്നും വെള്ളിത്തിരയിലേക്ക് ജീവിതം പറിച്ചുനട്ട അതുല്യ കലാകാരി കെപിഎസി ലളിത രണ്ടാമത്തെയാൾ. ഒരാൾ ഗാനാലാപനശാഖയിൽ പൊന്മുടി കീഴടക്കി, ലളിതയാകട്ടെ, വേഷമിട്ടതത്രയും മികവിന്റെ ഔന്നത്യത്തിലെത്തിച്ച് മലയാളി മനസിൽ, വിവിധ സ്ത്രീകാഴ്ചകളുടെ നിറസാന്നിധ്യമായി. എക്കാലത്തും ഹൃദയം കവരുന്ന മെലഡികളുടെ നാദപ്രവാഹിനിയെയും തനതു ശൈലിയിൽ പ്രേക്ഷകരെ ഒപ്പം നടത്തിച്ച നടനവൈഭവത്തെയും അനുസ്മരിക്കുന്നു. പ്രണമിക്കുന്നു.

പ്രശസ്ത കോളമിസ്റ്റ് തേജശ്രീയുടെ 'ലതയെന്ന ജീവശ്വാസം' പുതിയ ലക്കത്തിലുണ്ട്. ലതാമങ്കേഷ്കറെ ഒന്നടുത്തുകാണുവാൻ ഈ രചന ഉപകരിക്കും.

മുണ്ടൂർ കൃഷ്ണൻകുട്ടി സ്മാരക കഥാപുരസ്കാരത്തിന് ലഭിച്ച രചനകൾ, ഈ കുറിപ്പു തയാറാക്കിയ തീയതിവരെ നൂറു കടന്നു. ശേഷിച്ച അഞ്ച് ദിവസങ്ങളിൽ കൂടുതൽ രചനകൾ അയച്ചുകിട്ടുമെന്ന സൂചനകളുമുണ്ട്. സൂക്ഷ്മപരിശോധനക്കും ജൂറിയുടെ വിലയിരുത്തലിനും ശേഷം മാർച്ച് അവസാനം പുരസ്കാര പ്രഖ്യാപനം നടത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു.

'വ്യാപാരകേരളം' മാസികയും 'വാർത്താകേരളം' ഓൺലൈൻ ന്യൂസും ഏപ്രിൽ ഒന്നിന് നാലാം വർഷത്തിലേക്ക് പ്രവേശിക്കും. വാർഷികാഘോഷങ്ങളുമായി ബന്ധപ്പെട്ട വിവിധ പരിപാടികൾ, ഏപ്രിൽ-മെയ് മാസങ്ങളിൽ നടത്തുന്നതിന് ഒരുക്കങ്ങൾ ആരംഭിച്ചു. കൂടുതൽ വിവരങ്ങൾ വൈകാതെ അറിയിക്കുവാൻ സാധിക്കും. പോയനാളുകളിൽ ഒപ്പം സഞ്ചരിച്ച സഹൃദയരെ, തുടർന്നും കൂടെ കൊണ്ടുപോകുന്ന വിവിധ പരിപാടികളാകും നാലാം വർഷത്തിൽ പ്രാവർത്തികമാക്കുക. വായനക്കാരെല്ലാം എഴുത്തുകാരുമാകുന്ന ഈ സൈബർ കാലത്ത്, ഭിന്ന ആശയങ്ങളും അഭിപ്രായങ്ങളും സംവാദങ്ങളും തുടരുന്നത് ആരോഗ്യകരമായ പ്രവണതയാകട്ടെ എന്ന് ആശംസിക്കുന്നു.

**-സി.ആർ.രാജൻ,**
എഡിറ്റർ

ഓഫീസ്:
**വ്യാപാരകേരളം**
**(സമ്പൂർണ്ണ മാസിക)**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com

email:
vyaparakeralam@gmail.com

Phone: 0487 2365309
Mob: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**

ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**

# കാർട്ടൂൺ കേരളം:



രാജേശ്വരി തുളസി




## അകത്താളുകളിൽ


### ലേഖനം/പംക്തി

ഫ്രാങ്കോ ലൂയിസ്: പേജ് 5
തേജശ്രീ: പേജ് 10
മാഗ്ളിൻ ജാക്സൻ: പേജ് 38

### കാർട്ടൂൺ

രാജേശ്വരി തുളസി: പേജ് 3

### പുസ്തകപരിചയം

ശിവശങ്കരൻ കരവിൽ: പേജ് 40

### കഥ

കൃഷ്ണകുമാർ മാപ്രാണം: പേജ് 33
നജീബ് കാഞ്ഞിരോട്: പേജ് 36
റസിയ പയ്യോളി: പേജ് 42

### കവിത

യൂസഫ് നടുവണ്ണൂർ – പേജ് 04
എ.കെ. അനിൽകുമാർ – പേജ് 14
സെയ്തലവി വിളയൂർ – പേജ് 15
സോണി വർഗീസ് വാരനാട് – പേജ് 16
ഷീബ ദിനേഷ് – പേജ് 17
ഡോ. അജയ് നാരായണൻ – പേജ് 18
അലിഷ മാഹിൻ – പേജ് 19
അമീന ബഷീർ – പേജ് 20
തസ്നി ജബീൽ – പേജ് 21
ചാക്കോ ഡി. അന്തിക്കാട് – പേജ് 22
ദർശന – പേജ് 23
ശിവൻ തലപ്പുലത്ത് – പേജ് 25
കയ്യുമ്മു കോട്ടപ്പടി – പേജ് 26
ബൈജു റാഫേൽ ആലുവ – പേജ് 27
ജയപാലൻ കാര്യാട്ട് – പേജ് 28
സരസ്വതി കെ.എം – പേജ് 29
കല്ലൂർ ഈശ്വരൻ പോറ്റി – പേജ് 30
ജിബിൽ പെരേര – പേജ് 31
സഞ്ജയ് നാഥ് – പേജ് 32

കവിത

# ക്ഷീരപഥത്തിലെ വീട്

ആൾപ്പാർപ്പില്ലാത്ത
ചില ഗ്രഹങ്ങൾ
ചുറ്റിത്തിരിയുന്നുണ്ട്
ക്ഷീരപഥത്തിൽ !

ഒരേ മുഖമുള്ള
രാപ്പകലുകൾ
ഒരേ ഭാവമുള്ള ഋതുക്കൾ
പിടിവാശിക്കല്ലുകൾ
കടുംപിടുത്തപ്പാറകൾ
വരണ്ടുണങ്ങിയ
വിശ്വാസപ്രതലങ്ങൾ
വലം വെയ്ക്കുന്നുണ്ട്
ഒരേ ഭ്രമണപഥത്തിലൂടെ
ചില അസാധാരണ ഗ്രഹങ്ങൾ!

ഒരിക്കലും അടുക്കാതെ
വട്ടം ചുറ്റുന്നുണ്ടുപഗ്രഹങ്ങൾ
ദൂരെ കൺചിമ്മി കരയുന്നു
പണ്ട് കൂട്ടിയിടിച്ചു ചിതറിയ
നക്ഷത്രനോവുകൾ!

വന്നിടിക്കുന്നുണ്ട്
കടുത്ത വാക്കിന്നുൽക്കകൾ
പൊട്ടിത്തെറിക്കുന്നുണ്ടിടയ്ക്കിടെ
ഉൾച്ചൂടിൽ വെന്ത പ്രണയക്കനലുകൾ !

പണ്ടെന്നോ ഉള്ള
ഗുരുത്വാകർഷണം കൊണ്ടാവാം
മുങ്ങിത്താഴാതെ
ഈ ആകാശഗംഗാ ചുഴിയിൽ
അവ ഭ്രമണം ചെയ്യുന്നത് !



യൂസഫ് നടുവണ്ണൂർ

# യുദ്ധം തന്നെ





ഫ്രാങ്കോ ലൂയിസ്

**ആഗോളതലത്തിലേക്കു കണ്ണോടിച്ചാൽ യുക്രെയിൻ അതിർത്തിയിൽ പീരങ്കി ഗർജനങ്ങളും ഷെല്ലാക്രമണങ്ങളും. യുക്രെയിനെ റഷ്യൻ പട്ടാളം വളഞ്ഞിരിക്കുന്നു.**

**ലോ**കം യുദ്ധത്തിന്റെ സങ്കടക്കടലിലാണ്. യുക്രെയിനിൽ റഷ്യൻ പട്ടാളത്തിന്റെ മനുഷ്യക്കുരുതി. റഷ്യ തുരുതുരാ തൊടുത്തുവിട്ട ബാലിസ്റ്റിക് മിസൈലുകളേറ്റ് യുക്രെയിൻ നഗരങ്ങൾ ആളിക്കത്തി, തകർന്നടിഞ്ഞു. അപാർട്ട്മെന്റുകളും സർക്കാർ മന്ദിരങ്ങളും സൈനിക കേന്ദ്രങ്ങളുമെല്ലാം തകർന്ന കോൺക്രീറ്റ് കുന്നുകളായി. അവയ്ക്കിടയിലൂടെ ആയിരങ്ങളുടെ ചോരയും കണ്ണീരും തിളച്ചൊഴുകി. ഏങ്ങലടികളും നിലവിളികളുമായി അനേകർ രാജ്യം വിട്ടോടി. ചെർണോബിൽ ആണവ നിലയവും വിമാനത്താവളങ്ങളും അടക്കമുള്ളവയെല്ലാം റഷ്യൻ പട്ടാളം പിടിച്ചെടുത്തു.

ഭക്ഷണമില്ല, കുടിവെള്ളമില്ല. രാത്രി മൈനസ് ഡിഗ്രി തണുപ്പിനെ പ്രതിരോധിക്കാനുള്ള പുതപ്പോ ബ്ലാങ്കറ്റോ ഇല്ല. ബാങ്കുകളോ വ്യാപാര സ്ഥാപനങ്ങളോ തുറക്കുന്നില്ല. എടിഎം ഇല്ല. കൈയിൽ പണവുമില്ല. സുരക്ഷിത മേഖലയിലേക്കു പോകാൻ വാഹന സൗകര്യവും ഇല്ല. യുദ്ധഭൂമിയിലെ ദയനീയ ചിത്രമാണിത്.

റഷ്യക്കെതിരേ യുദ്ധത്തിനില്ലെന്ന് നാറ്റോ എന്ന നോർത്ത് അറ്റ്ലാന്റിക് ട്രീറ്റി ഓർഗനൈസേഷനും അമേരിക്ക അടക്കമുള്ള രാജ്യങ്ങളും പ്രഖ്യാപിച്ചു. ഒപ്പമുണ്ടാകുമെന്നു കരുതിയ വൻ ശക്തികൾ കാഴ്ചക്കാരായെന്നു യുക്രെയ്ൻ പ്രസിഡന്റ് വ്ളോദ്മിർ സെലൻസ്കി കണ്ണീരൊഴുക്കി. രാജ്യം വിട്ടോടില്ലെന്നും അവസാന നിമിഷംവരെ പോരാടുമെന്നും അദ്ദേഹം പറഞ്ഞു. പൗരന്മാർ നിർബന്ധമായും

സൈന്യത്തിൽ ചേർന്ന് റഷ്യക്കെതിരേ യുദ്ധം ചെയ്യണമെന്ന നിർദേശമനുസരിച്ച് നൂറുകണക്കിന് ആളുകളാണ് മുന്നോട്ടു വന്നത്. പൗരന്മാർക്ക് ആയുധം വിതരണം ചെയ്തു. സ്ത്രീകളും കുട്ടികളും അടങ്ങുന്ന കുടുംബാംഗങ്ങളെ സുരക്ഷിത കേന്ദ്രങ്ങളിലേക്കു മാറ്റി.

യുക്രെയിനെ മിസൈലിട്ടു കത്തിച്ചും കൂടുതൽ പ്രദേശങ്ങൾ പിടിച്ചടക്കിയും കൂട്ടക്കുരുതി നടത്തിയും മുന്നേറി റഷ്യൻ പട്ടാളം. കീഴടങ്ങിയാൽ ചർച്ചയെന്നു റഷ്യൻ പ്രസിഡന്റ് വ്ളാദ്മിർ പുടിൻ. യുക്രെയിന് ഉടനേ കീഴടങ്ങേണ്ടിവരും. യുക്രെയിൻ പ്രസിഡന്റ് വ്ളോഡ്മിർ സെലൻസ്കിയും കുടുംബവും രാജ്യം വിട്ടോടിയില്ലെങ്കിൽ റഷ്യൻ പട്ടാളം പിടികൂടും.

യുക്രെയിനെ നാറ്റോ അംഗമാക്കുന്നതു തടയാനാണു റഷ്യയുടെ ആക്രമണം. യഥാർത്ഥത്തിൽ ഇതു നാറ്റോയ്ക്കെതിരായ യുദ്ധംകൂടിയാണ്. റഷ്യക്കു തൊട്ടരികിലുള്ള യുക്രെയിനിൽ അമേരിക്കയും നാറ്റോയും താവളമൊരുക്കുന്നതു റഷ്യയുടെ സുരക്ഷയ്ക്കു ഭീഷണിയാണ്. റഷ്യയുടെ എതിർപ്പിനു കാരണം അതാണ്. സോവ്യറ്റ് യൂണിയന്റെ തകർച്ചയ്ക്കുശേഷം യുക്രെയിൻ റഷ്യയോട് അകലം പാലിച്ചുവരികയായിരുന്നു. സൈനിക സാമ്പത്തിക സഹായങ്ങൾ സമ്മാനിച്ച് അമേരിക്ക യുക്രെയിനെ വശത്താക്കി. രാഷ്ട്രീയത്തിൽ വലിയ പരിചയമില്ലാത്ത വ്ളോഡ്മിർ സെലൻസ്കിയെ അമേരിക്ക പാവ സർക്കാരാക്കിയെന്നാണ് റഷ്യയുടെ ആരോപണം. വരുതിയിൽ നിൽക്കുന്നയാളെ റഷ്യ യുക്രെയിൻ പ്രസിഡന്റായി അവരോധിക്കും. നാറ്റോയെ അയലത്തുനിന്ന് ഓടിക്കുകയാണ് റഷ്യയുടെ പരമപ്രധാനമായ ലക്ഷ്യം. സൈനിക നീക്കങ്ങളിലൂടെ മാസങ്ങൾക്കു മുമ്പേ റഷ്യ മുന്നറിയിപ്പു നൽകിയതാണ്.



റഷ്യക്കെതിരേ അമേരിക്കയും നാറ്റോ രാഷ്ട്രങ്ങളും ഉപരോധം ആരംഭിച്ചു. റഷ്യൻ ബാങ്കുകൾക്കും ഉപരോധം ബാധകമാണ്. ബാങ്കുകളെ പ്രതിസന്ധിയിലാക്കുന്ന നടപടിയാണിത്. റഷ്യയിൽനിന്ന് വൻതോതിൽ പെട്രോളിയം ഉൽപന്നങ്ങൾ വാങ്ങാറുള്ള യൂറോപ്യൻ രാജ്യങ്ങളുണ്ട്. പെട്രോളിയം ഉൽപന്നങ്ങൾക്കായി ആ രാജ്യങ്ങൾ വേറെ വഴി കാണേണ്ടിവരും.

യുക്രെയിനിലെ യുദ്ധഭൂമിയിൽ കുടുങ്ങിയ അനേകം മലയാളി വിദ്യാർഥികൾ അടക്കമുള്ള ഇന്ത്യക്കാരെ വളരെ സമർത്ഥമായി ഇന്ത്യ രക്ഷിച്ചുകൊണ്ടുവന്നത് അഭിനന്ദനാർഹമായ നടപടിയാണ്.

ഇന്ത്യയ്ക്ക് റഷ്യയും അമേരിക്കയും ഒരുപോലെ പ്രധാനപ്പെട്ട പ്രതിരോധ പങ്കാളികളാണ്. ഇരുരാജ്യങ്ങളുമായി അനേകം പ്രതിരോധ, വാണിജ്യ കരാറുകൾ ഇന്ത്യക്കുണ്ട്. ചേരിചേരാ നയവുമായി ഒരുപക്ഷത്തും ചേരാതെ ഇന്ത്യ നിലയുറപ്പിക്കുന്നത് അതുകൊണ്ടാണ്. മേഖലയിൽ സമാധാനവും ശാന്തിയും ഉണ്ടാകണമെന്നും ചർച്ചയിലൂടെ പരിഹരിക്കണമെന്നുമാണ് യുഎൻ രക്ഷാസമിതിയിൽ ഇന്ത്യ ആവശ്യപ്പെട്ടത്.

യുദ്ധം ആ രാജ്യങ്ങളെ മാത്രമല്ല, ലോകരാജ്യങ്ങൾക്കെല്ലാം ഇരുട്ടടിയാകും. ഓഹരി വിലത്തകർച്ച, പെട്രോൾ അടക്കമുള്ള ഇന്ധന വിലക്കയറ്റം എന്നിവ അടക്കം സാമൂഹ്യ, സാമ്പത്തിക മേഖലയെ അവതാളത്തിലാക്കും. രണ്ടുകൊല്ലം കോവിഡ് തളർത്തിയ ആഗോള സാമ്പത്തിക വ്യവസ്ഥയുടെ വീണ്ടെടുപ്പിനെയാണ് യുദ്ധക്കെടുതി തകർത്തു കളയുന്നത്.

## പഞ്ചയുദ്ധം

യുദ്ധമാണെങ്ങും. അധികാരത്തിനും ആധിപത്യത്തിനും വേണ്ടിയുള്ള യുദ്ധം. കേരളത്തിൽ ഗവർണറും ഭരണപക്ഷവും പ്രതിപക്ഷവും ബിജെപിയുമെല്ലാം പരസ്പരം ഉഗ്രപോരാട്ടത്തിലാണ്. ദേശീയതലത്തിൽ അഞ്ചു സംസ്ഥാനങ്ങളിലെ ഭരണം പിടിച്ചെടുക്കാനുള്ള നിയമസഭാ തെരഞ്ഞെടുപ്പു യുദ്ധം. മാർച്ച് പത്തിനു വോട്ടെണ്ണുന്നതോടെ ആ സംസ്ഥാനങ്ങളുടെ മാത്രമല്ല, രാജ്യത്തിന്റെതന്നെ ഭാഗധേയമാണു നിർണയിക്കപ്പെടുക.

അങ്ങനെ യുദ്ധങ്ങൾക്കിടയിലാണു നാം.

കോവിഡ് വൈറസ് രണ്ടു കൊല്ലം ലോകത്തെ വിറപ്പിച്ചതു മറന്നുപോയിരിക്കുന്നു. ജനകോടികളെ പട്ടിണിയിലാക്കി അടച്ചുപൂട്ടിയിട്ടും രണ്ടു വർഷത്തിനിടെ കോവിഡ് അപഹരിച്ചത് അറുപതു ലക്ഷത്തോളം പേരുടെ ജീവനാണ്. വെറുമൊരു അണുവിനെ പേടിച്ചു ജീവിച്ച കാലം. ഇപ്പോൾ അതെല്ലാം മറന്നു. എല്ലാം വെട്ടിപ്പിടിച്ചു സ്വന്തമാക്കാനുള്ള യുദ്ധത്തിലാണ് എല്ലാവരും.

രാജ്യത്തെ അഞ്ചു സംസ്ഥാനങ്ങളിലെ നിയമസഭാ തെരഞ്ഞെടുപ്പ് പഞ്ചയുദ്ധമാണ്. വോട്ടെടുപ്പിന്റെ അവസാനഘട്ടം മാർച്ച് ഏഴിനാണ്. വോട്ടെണ്ണൽ ഈ മാസം പത്തിനും. അഞ്ചു സംസ്ഥാനങ്ങളിലെ ഭരണം ആർക്കെന്ന് അന്നറിയാം. ബിജെപിതന്നെ മുന്നിലെത്തുമെന്നാണു വോട്ടെടുപ്പിനു മുമ്പു നടന്ന സർവേകളിലെ വിധി. ഉത്തർപ്രദേശ് അടക്കമുള്ള അഞ്ചു സംസ്ഥാനങ്ങളിലെ ജനവിധിക്ക് രാജ്യവ്യാപകമായ പ്രധാന്യമുണ്ട്. രാജ്യത്തെ ജനവികാരം എങ്ങനെയെന്നു സൂചന നൽകുന്ന ജനവിധിയാകും ഇത്. കാറ്റ് എങ്ങോട്ടു വീശുമെന്നു കണ്ടറിയണം.

കേരളത്തിലുള്ളവർക്ക് അഞ്ചിടത്തെ ജനവിധി എന്താകുമെന്ന ഒരു ചിന്തയും ഉണ്ടാകണമെന്നില്ല. എന്നാൽ മാർച്ച് ആദ്യവാരം കഴിഞ്ഞാലുടനേ പെട്രോൾ, ഡീസൽ വില കുതിച്ചുയരുമല്ലോയെന്നതാണ് അവരുടെ മുഖ്യ ആശങ്ക. ഒന്നര മാസമായി അനുദിന വിലവർധന നിർത്തിവച്ചിരിക്കുകയാണ്. അഞ്ചു സംസ്ഥാനങ്ങളിലെ വോട്ടെടുപ്പു കഴിഞ്ഞാൽ അതു പുനരാരംഭിക്കും. യുക്രെയിനിലെ റഷ്യൻ യുദ്ധം അടക്കമുള്ള കാരണങ്ങളാൽ ക്രൂഡോയിലിന്റെ രാജ്യാന്തര വില വൻതോതിൽ വർധിച്ചു. എന്നിട്ടും ഇന്ത്യയിൽ വില വർധിപ്പിച്ചില്ല. അവസാന വോട്ടെടുപ്പു നടക്കുന്ന മാർച്ച് ഏഴിനു ശേഷം അനുദിനം ഒരോ രൂപയെന്ന തോതിൽ പെട്രോൾ, ഡീസൽ വില കൂട്ടും. നിലവിലുള്ള 104.50 രൂപയിൽനിന്ന് 120 രൂപയിലേക്ക് കുതിക്കുമെന്നു സാരം.

രാജ്യത്തെ ഏറ്റവുമധികം ജനസംഖ്യയുള്ള സംസ്ഥാനമായ ഉത്തർപ്രദേശിലെ 403 നിയമസഭാ മണ്ഡലങ്ങളിലേക്കു നടക്കുന്ന തെരഞ്ഞെടുപ്പിന് ദേശീയ പ്രാധാന്യമുണ്ട്. കോൺഗ്രസ് ഭരിക്കുന്ന പഞ്ചാബ്, ബിജെപി ഭരിക്കുന്ന ഉത്തരാഖണ്ഡ്, ഗോവ, മണിപ്പൂർ സംസ്ഥാനങ്ങളിലെ ജനവിധിയും സുപ്രധാനംതന്നെ. പഞ്ചാബിലെ 117 മണ്ഡലങ്ങളിലേക്കും ഉത്തരാഖണ്ഡിലെ 70 മണ്ഡലങ്ങളിലേക്കും മണിപ്പൂരിലെ 60 സീറ്റിലേക്കും ഗോവയിലെ 40 നിയോജകമണ്ഡലങ്ങളിലേക്കുമാണു ജനവിധി.

കർഷകർ ഒന്നാകെ എതിർത്ത നിയമങ്ങൾ പിൻവലിച്ചെന്നു മോദി സർക്കാർ പ്രഖ്യാപിച്ചെങ്കിലും യുപിയിലും പഞ്ചാബിലും ഉത്തരാഖണ്ഡിലുമുള്ള കർഷകർ കലിപ്പിലാണ്. പഞ്ചാബിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയെ വഴിയിൽ തടഞ്ഞു. യുപിയിൽ ബിജെപിയുടെ സമ്മേളന നഗരിയിൽ കന്നുകാലികളെ നിറച്ചാണു കർഷകർ പ്രതിഷേധിച്ചത്. കോവിഡു കാലത്ത് ജനങ്ങൾക്കു സൗജന്യ റേഷൻ നൽകിയെങ്കിലും ദുരിതമകറ്റാൻ സർക്കാർ സമ്മാനിച്ചതെല്ലാം കോർപറേറ്റുകൾക്കാണെന്നാണു സാധാരണക്കാ



രുടെ ബോധ്യം. തങ്ങളെ ചവിട്ടിമെതിക്കുകയാണെന്ന പരാതിയാണു ദളിതർക്ക്. ഇതെല്ലാം ചേർത്തുവച്ച് ജനം വിധിയെഴുതിയാൽ ബിജെപിക്കു വെല്ലുവിളിയാകും.

യുപിയിൽ മുഖ്യമന്ത്രി യോഗി ആദിത്യനാഥിന്റെ നേതൃത്വത്തിലുള്ള ബിജെപി മന്ത്രിസഭ വീണ്ടും അധികാരത്തിലെത്തുമെന്നാണു പ്രവചനം. എന്നാൽ ഭൂരിപക്ഷം നാമമാത്രമാകും. ഒരു തൂക്കുസഭയ്ക്കുള്ള സാധ്യതയും തള്ളിക്കളയാനാവില്ല. പ്രതിപക്ഷ കക്ഷികളെല്ലാം വിഘടിച്ചു മൽസരിക്കുകയാണെന്ന ആനുകൂല്യമാണു ബിജെപിക്ക് ഇവിടെ രക്ഷയാകുന്നത്. ബിജെപിയും സമാജ്‌വാദി പാർട്ടിയും തമ്മിലാണു മുഖ്യപോരാട്ടം. കോൺഗ്രസ് മിക്കയിടത്തും മൂന്നാം സ്ഥാനത്തോ നാലാം സ്ഥാനത്തോ ആകും. പ്രിയങ്കാഗാന്ധിയുടെ ഗ്ലാമറുള്ള നേതൃപാടവമാണ് കോൺഗ്രസിന് അൽപമെങ്കിലും ആശ്വാസമാകുന്നത്. അഴിമതിയിൽ മുങ്ങിക്കുളിച്ച മായാവതിയുടെ ബിഎസ്പിക്ക് ഉശിരൻ പോരാട്ടം കാഴ്ചവയ്ക്കാൻ പോലും കഴിയുന്നില്ല. ദളിതർക്കിടയിൽ നല്ല സ്വാധീനമുള്ള ഭീം ആർമി നേതാവ് ചന്ദ്രശേഖർ ആസാദിന്റെ ആസാദ് സമാജ് പാർട്ടിയും മൽസര രംഗത്തുണ്ട്.

കാറ്റ് ബിജെപിക്ക് അനുകൂലമല്ലെന്നു കണ്ട നിരവധി നേതാക്കൾ ബിജെപിയിൽനിന്ന് തടിയൂരി. മൂന്നു മന്ത്രിമാർ അടക്കം അര ഡസനോളം എംഎൽഎമാർ രാജിവച്ച് സമാജ് വാദി പാർട്ടിയിൽ ചേർന്നു. വീണ്ടും മുഖ്യമന്ത്രിയാകാമെന്ന പ്രതീക്ഷയിലാണ് മുൻമുഖ്യമന്ത്രിയും സമാജ് വാദി പാർട്ടി അധ്യക്ഷനുമായ അഖിലേഷ് യാദവ് കളത്തിലിറങ്ങിയത്. തൂക്കുനിയമസഭ വന്നാൽ ബിഎസ്പിക്കു നിർണായക സ്ഥാനമുണ്ടാകുമെന്ന പ്രതീക്ഷയിലാണ് മായാവതി.

പന്തികേടു മനസിലാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദിയും അമിത് ഷായും അടക്കമുള്ള നേതാക്കൾ യുപിയിൽ തമ്പടിച്ചു പ്രചാരണ മാമാങ്കം ഒരുക്കി. പ്രധാനമന്ത്രി നരേന്ദ്രമോദി മാർച്ച് രണ്ടു മുതൽ മൂന്നു ദിവസം തന്റെ മണ്ഡലമായ വാരാണസിയിൽ തങ്ങി പ്രചാരണത്തിന്റെ കൊട്ടിക്കലാശത്തിനു നേതൃത്വം നൽകും.

കോൺഗ്രസ് ഭരിക്കുന്ന പഞ്ചാബിൽ പ്രധാന മൽസരം ആം ആദ്മി പാർട്ടിയോടാണ്. അധികാര കലഹമാണ് കോൺഗ്രസിനു പ്രധാന വെല്ലുവിളി. അടുത്ത മുഖ്യമന്ത്രി ആരെന്ന വിക്കറ്റ് വീഴ്ത്തലുമായി മുഖ്യമന്ത്രി ചരൺ ജിത് സിംഗ് ചന്നിയും പിസിസി അധ്യക്ഷൻ നവജ്യോത് സിംഗ് സിദ്ദുവും ഏറെക്കാലം നേർക്കുനേർ പോരാടി. പിന്നെ ചന്നിതന്നെയെന്നു ധാരണയായി. പ്രകടനപത്രിക അവസാന നിമിഷത്തിലാണു പുറത്തിറക്കിയത്. പ്രവർത്തനത്തിൽ ഏകോപനമുണ്ടായില്ലെന്ന് എഐസിസിതന്നെ കുറ്റപ്പെടുത്തി. കോൺഗ്രസിൽനിന്ന് മുതിർന്ന നേതാവ് അശ്വിനികുമാർ അടക്കമുള്ള നേതാക്കൾ രാജിവച്ചതും ക്ഷീണമായി.

കോൺഗ്രസ് വിട്ടു ബിജെപി മുന്നണിയിൽ ചേർന്ന മുൻമുഖ്യമന്ത്രി അമരീന്ദർ സിംഗിന്റെ പാർട്ടിക്ക് വലിയ അട്ടിമറിയൊന്നും നടത്താനായേക്കില്ല. എന്നാൽ അദ്ദേഹത്തിന്റെ പത്നിയും കോൺഗ്രസ് എംപിയുമായ പ്രണീത് കൗർ പരസ്യമായി ബിജെപി വേദിയിലെത്തി ഭർത്താവിന്റെ വിജയത്തിനായി പ്രസംഗിച്ചു.

ഗോവയിൽ ഭരണത്തിനു നേതൃത്വം നൽകുന്ന ബിജെപിയിലും കോൺഗ്രസിലും പടലപിണക്കങ്ങളും രാജിവയ്ക്കലുകളും ഉണ്ടായി. ആം ആദ്മി പാർട്ടിയും ശക്തമായ പോരാട്ടം കാഴ്ചവയ്ക്കുന്നുണ്ട്. ഇവിടേയും തൂക്കുസഭയ്ക്കാണു സാധ്യത. ഉത്തരാഖണ്ഡിലും മണിപ്പൂരിലും ബിജെപി തന്നെ അധികാരത്തിലെത്തുമെന്നാണു സർവേ പ്രവചനങ്ങൾ.

തെരഞ്ഞെടുപ്പു യുദ്ധത്തിലെ ജേതാക്കൾ ആരെല്ലാമായിരിക്കും? അഞ്ചിടത്തും ബിജെപിയുടെ താമര വിരിയുമോ? പത്താം തീയതി ഉച്ചയോടെ അറിയാം.



## ഗവർണർ യുദ്ധം

രാഷ്ട്രീയ കൊലപാതകങ്ങൾക്ക് ഒരു പഞ്ഞവുമില്ല കേരളത്തിൽ. എറണാകുളം കിഴക്കമ്പലത്ത് 20– 20 പ്രവർത്തകൻ ദീപുവി

നെ സിപിഎമ്മുകാർ കൊലപ്പെടുത്തി. പിറകേ, തലശേരി ന്യൂമാഹിയിൽ സിപിഎമ്മുകാരൻ ഹരിദാസനെ ബിജെപി പ്രവർത്തകർ വെട്ടിക്കൊന്നു. ഇടുക്കി എൻജിനിയറിംഗ് കോളജിൽ എസ്എഫ്ഐ പ്രവർത്തകനായ ധീരജ് കൊല്ലപ്പെട്ട കേസിൽ കെഎസ് യു, യൂത്ത് കോൺഗ്രസ് പ്രവർത്തകരാണു പ്രതികളായത്.

ആധിപത്യം ഉറപ്പിക്കാനുള്ള രാഷ്ട്രീയ കൊലപാതകങ്ങൾ. ഇതും ഒരുതരം യുദ്ധം തന്നെ.

ഇതിനിടയിൽ അധികാരത്തിലുള്ളവർ നയിക്കുന്ന യുദ്ധവും സന്ധിയും കണ്ടാൽ ആരും ചിരിച്ചുപോകും. ഗവർണറും സംസ്ഥാന സർക്കാരും തമ്മിലുള്ള പോർവിളി ചിലപ്പോഴെല്ലാം ജനങ്ങളെ ഉദ്വേഗഭരിതരാക്കുകയും ചെയ്യും.

രാഷ്ട്രപതിക്കു ഡോക്ടറേറ്റ് നൽകണമെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ആവശ്യപ്പെട്ടതു കേരള സർവകലാശാല വൈസ് ചാൻസലർ നിരസിച്ചതും കണ്ണൂർ സർവകലാശാലാ വൈസ് ചാൻസലറുടെ നിയമനം പുതുക്കിയതുമെല്ലാം ഇങ്ങനെയുള്ള ഉദ്വേഗജനകമായ കോമഡികളായിരുന്നു. പരസ്പരം ആരോപണം ഉന്നയിച്ചും കുറ്റപ്പെടുത്തിയും പിന്നെ സന്ധി ചെയ്തുമുള്ള മുന്നേറ്റം. ഇനി ചാൻസലർ പദവിയിൽ തുടരില്ലെന്നു വീമ്പിളക്കിയ ഗവർണറാണു താരം.

കേസുകളിൽനിന്നു തലയൂരാൻ ലോകായുക്തയെ വെറും ഉപദേശക സമിതിയാക്കുന്ന ഓർഡിനൻസിൽ ഒപ്പുവച്ച ഗവർണർ നയപ്രഖ്യാപന പ്രസംഗത്തിൽ അത്ര പെട്ടെന്ന് ഒപ്പുവച്ചില്ല. അമേരിക്കൻ, ദുബായ് യാത്ര കഴിഞ്ഞെത്തിയ ഉടനേ മുഖ്യമന്ത്രി ഗവർണറെ രാജ്ഭവനിൽപോയി കണ്ട് ലോകായുക്ത ഓർഡിനൻസിലെ ഒപ്പ് ഒപ്പിച്ചെടുത്തു. ഗവർണർ ആഗ്രഹിച്ച നിയമനം സർക്കാർ വിജ്ഞാപനമാക്കുകയും ചെയ്തു. പ്രത്യുപകാരമാണെന്നും കൊടുക്കലും വാങ്ങലുമാണെന്നുമാണ് പ്രതിപക്ഷം ഇതിനെ വ്യാഖ്യാനിച്ചത്.

നിയമന ഉത്തരവിൽ രാഷ്ട്രീയ നിയമനമെന്ന ആക്ഷേപവാക്കുകൾ കണ്ട് ഗവർണർ പൊട്ടിത്തെറിച്ചു. നിയമസഭാ സമ്മേളനം തുടക്കം കുറിക്കാനുള്ള നയപ്രഖ്യാപന പ്രസംഗത്തിൽ ഒപ്പുവയ്ക്കാതെ മാറ്റിവച്ചു. മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിനുള്ള പെൻഷൻ നിർത്തലാക്കണമെന്ന ആവശ്യം ഉന്നയിച്ചാണ് ഗവർണർ ഇത്തവണ സർക്കാരിനെ ഞെട്ടിച്ചത്. പേഴ്സണൽ സ്റ്റാഫംഗങ്ങളെ നിയമിച്ച് രണ്ടു വർഷംകൂടുമ്പോൾ അവരെ മാറ്റി എല്ലാവർക്കും പെൻഷൻ നൽകുന്നതു പൊതുഖജനാവ് കൊള്ളയടിക്കലാണെന്നായി ഗവർണർ.

മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫായി വിരമിച്ച 1,223 പേർക്കാണു നിലവിൽ പെൻഷൻ നൽകുന്നത്. വർഷം 80 കോടി രൂപ ഇതിനായി സംസ്ഥാന സർക്കാർ ചെലവാക്കുന്നുണ്ട്. രണ്ടു വർഷം സ്റ്റാഫായി ജോലി ചെയ്താൽ 3,550 രൂപയാണു പെൻഷൻ. 30 വർഷം ജോലി ചെയ്താൽ 83,000 രൂപ പെൻഷനായി കിട്ടും. മുഖ്യമന്ത്രിക്ക് 37 പേരെയും മന്ത്രിമാർക്കും സ്പീക്കർക്കും 30 പേരെയും പേഴ്സണൽ സ്റ്റാഫായി നിയമിക്കാമെന്നാണ് സംസ്ഥാനത്തെ ചട്ടം. പാചകക്കാരനും ഡ്രൈവറും അടക്കമുള്ളവരെ ഇങ്ങനെ നിയമിച്ചിട്ടുണ്ട്. ശരാശരി ഓരോ ലക്ഷം രൂപയ്ക്കടുത്താണു ശമ്പളം. മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന് ശമ്പളവും യാത്രാബത്ത ആനുകുല്യങ്ങളുമായി വർഷം 40 കോടി രൂപയാണ് സർക്കാർ ചെലവാക്കുന്നത്.

എന്തായാലും ഗവർണറുടെ അടി ജനങ്ങൾക്ക് ഇഷ്ടപ്പെട്ടു. ചർച്ചയായി. ആരൊക്കെ ചർച്ച ചെയ്താലും ഗവർണർ ഇടങ്കോലിട്ടാലും സർക്കാരിന്റെ നയപരമായ തീരുമാനങ്ങൾ തടയാൻ ആർക്കും കഴിയില്ല. പെൻഷൻ കാര്യത്തിൽ പ്രതിപക്ഷത്തിന്റെ പിന്തുണയും ഉണ്ടാകും.

നയപ്രഖ്യാപനപ്രസംഗം ഒപ്പിടാതിരുന്ന ഗവർണറെ നേരിൽ കാണാൻ മുഖ്യമന്ത്രി രാജ് ഭവനിലെത്തി. പിറ്റേന്നു നടക്കുന്ന നിയമസഭാ സമ്മേളനത്തിലേക്കു ക്ഷണിക്കാനും നയപ്രഖ്യാപന പ്രസംഗത്തിൽ ഒപ്പിടണമെന്ന് ആവശ്യപ്പെടാനുമായിരുന്നു ആ കൂടിക്കാഴ്ച. ചീഫ് സെക്രട്ടറിയും രാജ്ഭവനിലെത്തി. ഗവർണർ ചില ഉപാധികൾ വച്ചു.

ഒടുവിൽ പൊതുഭരണ വകുപ്പ് സെക്രട്ടറി ജ്യോതിലാലിനെ മാറ്റിയശേഷമാണ് ഗവർണർ നയപ്രഖ്യാപന പ്രസംഗത്തിൽ ഒപ്പുവച്ചത്. രാജ്ഭവനിലെ നിയമനരേഖയിൽ ജ്യോതിലാൽ എഴുതിയ കുറിപ്പാണ് ഗവർണറെ ചൊടിപ്പിച്ചത്.

ഈ പോരാട്ടം ഇങ്ങനെ തുടർന്നുകൊണ്ടേയിരിക്കും. അതിനിടയിലൂടെ ലക്ഷം കോടിയോളം രൂപയുടെ സിൽവർ ലൈൻ പദ്ധതി പാളത്തിൽ കയറുകയും ചെയ്യും. ●

# ലതയെന്ന ജീവശ്വാസം



**ഒരു യുഗം അവസാനിച്ചിരിക്കുന്നു. പാടിയകന്ന് വാനമ്പാടി മറഞ്ഞു. എങ്കിലെന്ത് എന്നാവും അവരുടെ പാട്ടുകൾ ഉള്ളുതൊട്ട സംഗീതപ്രേമികൾ ചോദിക്കുന്നത്. ലതാ മങ്കേഷ്കർക്ക് മരണമുണ്ടാവില്ല. ഏവരുടെയുമെന്നപോലെ ലതയുടെയും ശരീരം നശ്വരമാണ്. എന്നാൽ ലതയെന്ന ഇതിഹാസം അവരുടെ ശബ്ദത്തിലൂടെ, പാട്ടുകളിലൂടെ കോടിക്കണക്കിനു ഹൃദയങ്ങളിൽ മിടിപ്പായി എന്നുമുണ്ടാകും...**

**ഏ**താണ്ട് ഒരു വർഷമായി ലതാ മങ്കേഷ്കർ അനശ്വരതയിലേക്കുള്ള പാതയിലായിരുന്നു. പലതവണ ആശുപത്രിവാസം, ഗുരുതരാവസ്ഥ, തിരിച്ചുവരവ്.. ഇടയ്ക്ക് പലവട്ടം സോഷ്യൽമീഡിയ അവർക്ക് ആദരാഞ്ജലിയർപ്പിച്ചു- ലത അന്തരിച്ചു എന്ന വ്യാജവാർത്തയുടെ പിൻപറ്റിയുള്ള കാട്ടിക്കൂട്ടലുകൾ. ഒടുവിൽ അനിവാര്യമായതു സംഭവിച്ചു. ലതാ മങ്കേഷ്കർ ഓർമയായി. വസന്തം മാഞ്ഞു വർഷം വന്നതുപോലെ കാലം കണ്ണീരണിഞ്ഞുനിന്നു. എങ്കിലും ഒരാശ്വാസമുണ്ടായിരുന്നു- ആ പാട്ടുകൾ മരിക്കുന്നില്ലല്ലോ. ഇല്ല, കേൾക്കുംതോറും അവയ്ക്കു വീണ്ടും പുതുജീവൻ ലഭിക്കുകയാണ്.




തേജശ്രീ

ലതയുടെ വിയോഗത്തിനുശേഷം സോഷ്യൽ മീഡിയയിൽ വന്ന കുറിപ്പുകൾക്ക് ഒരു പൊതുസ്വഭാവം ഉണ്ടായിരുന്നു. വെറുതെയൊരു രസത്തിനുവേണ്ടി കേൾക്കപ്പെട്ടവയല്ല അവരുടെ പാട്ടുകൾ. നേരം പോകാതിരിക്കുമ്പോൾ, ആ ഒരു പാട്ടു കേൾക്കാം എന്നവിധം കേട്ടുമറന്നില്ല അവയൊന്നും. പിന്നെയോ, അവ പലർക്കും ജീവശ്വാസമായിരുന്നു. എങ്ങനെയാണത് എന്നു സംശയിക്കാം. എന്നാൽ സംശയത്തിനു സാംഗത്യമില്ല. പലരും എഴുതിയത് വായിച്ചാൽ വ്യക്തമാകുന്ന ഒന്നുണ്ട്- മനു

ഷ്യരിൽ ഒരു വലിയ പങ്കും സങ്കടങ്ങളിലൂടെ, നിരാശകളിലൂടെ, വിഷാദത്തിലൂടെ കടന്നുപോകുന്നവരാണ്. ഇങ്ങനെ പൊതുവായി പറയാമോ എന്നു ചോദിച്ചാൽ ഒട്ടുവളരെ എന്നാവും മറുപടി.



തീവ്രമായ വിഷാദത്തിലൂടെ കടന്നുപോയിരുന്ന വേളകളിൽ തങ്ങളെ ജീവിതത്തിലേക്കു തിരിച്ചുകൊണ്ടുവന്നത് ലത പാടിയ പാട്ടുകളായിരുന്നു എന്നുറപ്പിക്കുകയാണ് ഇത്തരമാളുകൾ. വിശപ്പും ഉറക്കവും നഷ്ടപ്പെട്ട്, സ്വയംപോലും നിയന്ത്രണമില്ലാതെ കഴിഞ്ഞ വേളകളിൽ ലതയുടെ പാട്ടുകൾ കേട്ടു അവർ. ഒറ്റയ്ക്കായിപ്പോകുന്ന രാത്രികളിൽ ലതയുടെ പാട്ടുവന്ന് കൈപിടിക്കുന്നതായി അവർക്കു തോന്നി. ചിന്തകളിൽ അതുവഴി ജീവിതത്തിൽത്തന്നെ പാട്ടുകൾ വീണ്ടും നിറമെഴുതി. യാത്രകളിൽ, ആരു കൂട്ടില്ലാതെ ചെന്നുപറ്റുന്ന നഗരങ്ങളിൽ, ചൂടിൽ, തണുപ്പിൽ, ഒന്നുമില്ലായ്മയിൽ... എല്ലാറ്റിലും ലതയുടെ പാട്ട് ഒപ്പം നടന്നു. ഞാനുണ്ട് കൂടെ എന്ന ധൈര്യം പകർന്നു. ഒരുപക്ഷേ ആത്മഹത്യകൾപോലും ഒഴിവായിക്കാണണം.

## പടർന്നുവിടർന്ന ലത

ലതയെന്നാൽ വള്ളിയെന്നാണ് അർഥം. ചുറ്റിപ്പടർന്നു വളരുന്ന ചെടി. പതിറ്റാണ്ടുകളായി സംഗീതപ്രേമികളുടെ ഹൃദയങ്ങളിൽ ചുറ്റിപ്പടർന്ന് പൂമണം ചാർത്തിനിൽക്കുന്ന പ്രതിഭാസമാണ് ലത. കോടികൾ ആരാധിക്കുമ്പോഴും ലതയ്ക്ക് കടുത്ത വിമർശകരുമുണ്ട്. ശാസ്ത്രീയ സംഗീതരംഗത്തെ മഹാരഥന്മാരായ ഭീംസെൻ ജോഷിയും ജസ് രാജും അംജദ് അലി ഖാനും ആമിർ ഖാനും ആരാധകരായിരിക്കുമ്പോഴും ലത പാടിയതുകൊണ്ടുമാത്രം കേൾക്കാൻ കൊള്ളാതായിപ്പോയ പാട്ടുകളുണ്ടെന്നു പറഞ്ഞുകളയും ചില കടുത്ത വിമർശകർ. അനിൽ ബിശ്വാസും നൗഷാദും ശങ്കർ ജയ്കിഷനും സി. രാമചന്ദ്രയും വസന്ത് ദേശായിയും മദൻ മോഹനും ആർ.ഡി. ബർമനുമൊക്കെ ഈണമിട്ടൊരുക്കിയ സുന്ദരഗാനങ്ങളാണ് ലത പാടിയതിനാൽ കേൾക്കാൻ കൊള്ളില്ലെന്ന് വിമർശകർ പറയുന്നത്!

അടുത്തയിടെ ഒരാൾ ഫേസ്ബുക്കിൽ ഇങ്ങനെ എഴുതി- ലതാ മങ്കേഷ്കറിന്റെ ശബ്ദം ഇഷ്ടമല്ലാത്തത് ഒരു രോഗമാണോ ഡോക്ടർ! അദ്ദേഹത്തോടു ചോദിച്ചു, തുടക്കത്തിലെയോ ഇപ്പോഴത്തെയോ എന്ന്. ഒരുകാലത്തെയും ഇഷ്ടമല്ല എന്നായിരുന്നു മറുപടി. ഈ ഇഷ്ടമില്ലായ്മ ഒരു രോഗമാണോ എന്ന തമാശച്ചോദ്യത്തിന് ഒട്ടേറെപ്പേർ മറുപടിയിട്ടു- അതെ! രോഗമാണ്

ഒപ്പം ഒരാൾ ഒരു നിർദേശവും വച്ചിരുന്നു- അവരുടെ സമീപകാലത്തെ ശബ്ദംകേട്ട് വിമർശിക്കുന്നവർ ഓ സജ്നാ ബർഖാ ബഹാർ ആയി എന്ന പാട്ട് ഡൗൺലോഡ് ചെയ്തുകേട്ട് അപ്പോൾ മനസിൽ തോന്നിയ കാര്യം ഇവിടെ പോസ്റ്റ് ചെയ്യുക.

ശരി, ഓ സജ്നാ ഒന്നുകൂടി കേട്ടുനോക്കിയാലോ. ഒന്നല്ല, ഒരായിരം വള്ളിപ്പടർപ്പുകളിലായി വസന്തം വിടരുന്നത് കേട്ടനുഭവിക്കാം! ആ വസന്തമാണ് നൂറുകണക്കിനു പേർക്ക് ജീവശ്വാസമായതെന്നുറപ്പ്.

## നായികമാരുടെ മോഹം

ലതയെപ്പോലൊരു മികവുറ്റ ഗായിക ഏ

തു സംഗീതസംവിധായകന്റെയും ആദ്യ തെരഞ്ഞെടുപ്പായിരിക്കും. എന്നാൽ ഹിന്ദിയിലെ കൊടികെട്ടിയ നായികമാർക്കും ലതയായിരുന്നു ആദ്യ ചോയ്സ്. ലതയുടെ തുറന്ന, മധുരമുള്ള, ഉയർന്ന സ്ഥായിയിലുള്ള സ്വരം തങ്ങൾക്ക് കൂടുതൽ യുവത്വം സമ്മാനിക്കുമെന്ന് അവർ വിശ്വസിച്ചിരുന്നു. അവരിൽ പലരും സിനിമകളിലേക്കു കരാറാകുമ്പോൾ ഒരു നിബന്ധനകൂടി വയ്ക്കുമായിരുന്നത്രേ- പാട്ടുകൾ ലതാ മങ്കേഷ്കർ മാത്രമേ പാടാവൂ



## ഹേമന്തം, വസന്തം

ഹേമയെന്നായിരുന്നു ലതയുടെ ആദ്യനാമം. അച്ഛൻ ദീനാനാഥ് മങ്കേഷ്കറിന്റെ നാടകങ്ങളിലൊന്നിലെ കഥാപാത്രമായ ലതികയുടെ ഓർമയ്ക്ക് പിന്നീട് ലത എന്നു മാറ്റുകയായിരുന്നു. പാട്ടിന്റെ വസന്തമോ ഇതിഹാസമോ ആയി മാറാനുള്ളതായിരുന്നു ആ നാമം. എട്ടു പതിറ്റാണ്ടോളം നീണ്ട സംഗീതജീവിതത്തിലൂടെ അനന്യമായ സ്വരസ്ഥാനത്തേക്കുയർന്ന ലതയോട് ഒരിക്കൽ ഒരു മാധ്യമപ്രവർത്തകൻ ചോദിച്ചു: ജീവിച്ചിരിക്കുന്ന ഇതിഹാസമാകുമെന്നു കരുതിയിരുന്നോ?

ഇതിഹാസമോ?! സത്യംപറഞ്ഞാൽ എനിക്കതിനെക്കുറിച്ച് അറിയില്ല. ഞാൻ പാടിത്തുടങ്ങിയത് വളരെ ചെറിയ പ്രായത്തിലാണ്. പതിനഞ്ചോ പതിനാറോ വയസുള്ള പെൺകുട്ടിക്ക് അന്ന് പുറത്തുപോയി പാടാനൊക്കെ വലിയ പ്രയാസമായിരുന്നു. എന്നാൽ എങ്ങിനെയൊക്കെയോ ആ ബുദ്ധിമുട്ടുകൾ ഞാൻ തരണംചെയ്തു. ആരുമെന്നെ അപരിചിതമായ രീതിയിൽ നോക്കുകയോ അസുഖകരമായ അനുഭവങ്ങളുണ്ടാക്കുകയോ ചെയ്തില്ല- ഇതായിരുന്നു ലതയുടെ മറുപടി.

## സ്നേഹമുള്ള മിതഭാഷി

സ്റ്റേജ് ഷോകളിൽ സാധാരണ ലതാ മങ്കേഷ്കർ അധികമൊന്നും സംസാരിക്കാറില്ല. 1975ൽ ആദ്യ അമേരിക്കൻ സന്ദർശത്തിൽ വേദിയിൽ ലത മിതഭാഷിയായ നാണക്കാരിയായിരുന്നെന്ന് പരിപാടിയുടെ മുഖ്യ സംഘാടകനായിരുന്ന മോഹൻ ദിയോറ എഴുതിയിട്ടുണ്ട്. എന്നാൽ 1998 ആയപ്പോഴേക്കും ലത ആകെ മാറി. പ്രോഗ്രാമിന്റെ മാസ്റ്റർ ഓഫ് സെറിമണിയെപ്പോലും നിഷ്പ്രഭമാക്കി അവർ സദസിനോടു സംസാരിച്ചു തുടങ്ങി. അക്കൊല്ലം അമേരിക്കയിൽവ

ച്ച് ലതാജി ഇങ്ങനെ പറഞ്ഞു:

സിനിമാ രംഗത്ത് ഞാൻ ഇപ്പോൾ 56 വർഷം പൂർത്തിയാക്കി. ഇത്രയും കാലമായല്ലോ, ഇനി പാടുന്നതിനിടെ ഞാനൊരു തെറ്റു വരുത്താനോ വരികൾ അങ്ങോട്ടുമിങ്ങോട്ടും കൂട്ടിക്കുഴയ്ക്കാനോ ഒക്കെ സാധ്യതയുണ്ട്. നിങ്ങളതൊക്കെ ക്ഷമിക്കുമെന്നും, ഇത്രനാളും കാണിച്ച അതേ സ്നേഹത്തോടെ പാട്ടുകേൾക്കുമെന്നും ഞാൻ പ്രതീക്ഷിക്കുന്നുണ്ട്. ഇന്നുവരെ നിങ്ങൾക്കിഷ്ടമുള്ള പാട്ടുകളാണ് ഞാൻ പാടിയത്. ഇപ്പോൾ ഞാൻ എനിക്കിഷ്ടമുള്ള ഒരു പാട്ടാണ് പാടാൻ പോകുന്നത്. നിങ്ങൾക്കിഷ്ടമായെങ്കിൽ കയ്യടിക്കുക, ഇല്ലെങ്കിൽ ദയവായി നിശബ്ദരായിരിക്കുക..



സദസിന്റെ ചിരിയും കൈയടിയും നിൽക്കാൻ ഏറെനേരമെടുത്തു. അനുപമ എന്ന ചിത്രത്തിലെ അത്ര പരിചിതമല്ലാത്ത കുച്ഛ് ദിൽ നേ കഹാ, കുച്ഛ് ഭീ നഹീ എന്ന സുന്ദരഗാനമാണ് പാടിയത്. വീണ്ടും കൈയടികൾ നിറഞ്ഞു.

പിന്നീടൊരിക്കൽ ലതാജി പറഞ്ഞു: വേദിയോടു ചേർന്നുള്ള ഗ്രീന്റൂമിൽ എത്തിയാൽ ഒറ്റ ചിന്തയേ ഉണ്ടാകൂ- എനിക്കു നന്നായി പാടണം. ലത മനോഹരമായി പാടി എന്നു കേൾവിക്കാർ പറയുന്നതാണ് എനിക്കു കേൾക്കേണ്ടത്. സിനിമയ്ക്കുവേണ്ടി പാട്ടുകൾ ഓരോന്നും റെക്കോർഡ് ചെയ്യുമ്പോഴും ഞാൻ അതുതന്നെയാണ് കരുതുക പതിവ്.

ആ കരുതലാണ് ലോകം ഇന്നും കേൾക്കുന്നത്.

## ലത എത്ര പാട്ടുകൾ പാടി?

വാനമ്പാടിയുടെ മരണശേഷമാണ് അവർ പാടിയ പാട്ടുകളുടെ എണ്ണത്തെക്കുറിച്ച് ഒരു ചർച്ച വീണ്ടും വന്നത്. എത്ര പാട്ടുകൾ പാടി എന്നൊരു കണക്ക് ഒരിക്കലും ലതാ മങ്കേഷ്കർ വെളിപ്പെടുത്തിയിട്ടില്ല. അങ്ങനെയൊരു എണ്ണമെടുപ്പിന്റെ ആവശ്യവുമില്ലല്ലോ. എന്നാൽ പലയാളുകൾ പലയിടങ്ങളിൽ പല എണ്ണം കണക്കുകൂട്ടി. കാൽ ലക്ഷം കടന്നു, മുപ്പതിനായിരവും മുപ്പത്തയ്യായിരവും എത്തി. അത്രയൊക്കെ ഉണ്ടാവുമോ എന്ന് ആരുമങ്ങനെ സംശയിച്ചിട്ടില്ല.

എന്നാൽ ഈ കാൽലക്ഷമെന്നതൊക്കെ പെരുപ്പിച്ചു പറയുന്ന കണക്കാണെന്നുറപ്പ്. ലഭ്യമായ വിവരങ്ങൾ അനുസരിച്ച് ഏതാണ്ട് ഏഴായിരത്തിനും എണ്ണായിരത്തിനും ഇടയ്ക്കാണ് അവർ പാടിയ പാട്ടുകളുടെ എണ്ണമെന്ന് സംഗീത നിരൂപകർ പറയുന്നു. യുക്തിപ്രകാരം അതു ശരിയാകാനാണ് സാധ്യത.

എന്തിനാണ്, ആർക്കുവേണ്ടിയാണ് ഇങ്ങനെ കൂട്ടിപ്പറയുന്നത്? പറയുന്നവർക്ക് ഒരു സംതൃപ്തി എന്നല്ലാതെ ലതയെപ്പോലൊരു ഇതിഹാസത്തിന് ഈ എണ്ണത്തിൽ ഒരു താത്പര്യവും ഉണ്ടാകാൻ ഒരു സാധ്യതയുമില്ല. ഒരു പാട്ടുതന്നെ ആയിരം പാട്ടുകൾക്കു തുല്യമായ അനുഭവങ്ങൾ പകരുമ്പോൾ, കേട്ടു പൂർണതൃപ്തിവരാൻ ജീവിതം മതിയാകില്ലല്ലോ എന്നു വ്യാകുലപ്പെടുമ്പോൾ എണ്ണത്തിനൊക്കെ എന്തു പ്രസക്തി!

തുടക്കത്തിൽ പറഞ്ഞതുപോലെ, നമ്മളെല്ലാം ജീവിച്ചിരിപ്പുണ്ട് എന്ന് അനുഭവിപ്പിക്കുന്ന ഏതാനും നല്ല കാര്യങ്ങളേ ഭൂമിയിലുള്ളൂ. ലതയുടെ പാട്ടുകൾ ജീവിക്കാൻ, സ്നേഹിക്കാൻ പ്രേരിപ്പിക്കുന്നവയുമാകുന്നു. വാനമ്പാടീ.., പാട്ടുതുടരുക...



# കുപ്പായം

ഉടൽ അഴിച്ചുവെച്ച്
കുളിക്കാനിറങ്ങുന്ന സന്ധ്യ.
ഒന്നു മുങ്ങി പൊങ്ങി നിവർന്ന്
ഇടം കണ്ണാൽ നോക്കിയപ്പോ
ഉടൽ കാണാനില്ല.

നേരം ഇരുട്ടിക്കനത്തു
പാതിരാവും പടികടന്നു
കാണാതായ ഉടൽ
തിരിച്ചുവരുമെന്നുള്ള
പ്രതീക്ഷയിൽ
മൂക്കറ്റം വെള്ളത്തിൽ
മുങ്ങിക്കിടന്നു പെണ്ണവൾ.

പിറ്റേന്ന് പതിവുപോലെ
പ്രഭാതം കൂനിക്കൂടി
ചുമച്ച് വെളുത്തു.
ഇളവെയിൽ പാറിവന്നു
ഉച്ചവെയിൽ പനിച്ചുപൊന്തി
പോക്കുവെയിൽ നരച്ചു മങ്ങി.
എന്നിട്ടും പെണ്ണവൾ
സന്ധ്യതൻ കുപ്പായമിട്ടു വന്നില്ല.

ഉടൽ നഷ്ടപ്പെട്ടവളുടെ
കുപ്പായത്തിനെന്ത് പ്രസക്തി !



എ. കെ. അനിൽകുമാർ



# വരാന്ത



സെയ്തലവി വിളയൂർ

മനസ്സിലിപ്പോഴും
നീണ്ടു കിടക്കുന്നുണ്ട്
ബാല്യത്തോളം ചെന്നെത്തുന്ന
ഒരു സ്കൂൾ വരാന്ത..

ചുരുട്ടിയ മീശയോടൊപ്പം
അങ്ങേ തലക്കൽ നിന്ന്
മന്ദം മന്ദം നടന്നു വരാറുണ്ട്
ഒരു ചൂരൽ വടി..

ഇറയത്ത് നിന്ന്
ഊർന്നിറങ്ങുന്ന
മഴനൂലുകളിലേക്ക്
ഏന്തി വലിയാറുണ്ട്
ചോറ്റുപാത്രങ്ങൾ..

നിരയൊപ്പിച്ചിരിക്കുന്ന
തൂക്കു പാത്രത്തിൽ നിന്ന്
ചെറുപയറിനോടൊപ്പം
കഞ്ഞി കുടിക്കാറുണ്ട്
വിശന്നു മെലിഞ്ഞ വരാന്തയും..

ക്ലാസിൽ നിന്ന്
പുറത്താക്കപ്പെടുന്നവന്റെ
ചുമരിൽ ചാരിനിൽക്കുന്ന അപമാനങ്ങളെ
വരാന്തകൾ പരസ്യപ്പെടുത്താറുണ്ട്...

കണ്ണുകൾ തമ്മിൽ
കഥ പറഞ്ഞു തുടങ്ങുമ്പോൾ
ഭീമൻ തൂണുകളെ
ചുറ്റിവരിയാറുണ്ട്
പ്രണയങ്ങൾ..

നനഞ്ഞൊട്ടിയ മഴയെ
പുറത്തു നിർത്തി
ക്ലാസിലിരിക്കുമ്പോൾ
കുടയോടൊപ്പം
വരാന്തയിലൂടെ നടക്കുകയാവും
ആശങ്കപ്പെട്ട മനസ്സ് മുഴുവൻ..

ആളില്ലാത്ത പിരിയഡുകളിൽ
അടുത്തു വരുന്ന കാലടികൾ
ആരുടെതെന്നറിയാനായ്
കണ്ണുകൾ ഹൃദയമിടിപ്പോടെ
വരാന്തയിൽ കുത്തിയിരിക്കും..

നമുക്കും പണിയാം
നമ്മുടെ ഹൃദയ ഭിത്തിയോട് ചേർന്ന്
വികാരങ്ങൾക്കെല്ലാം
യഥേഷ്ടം ഓടി നടക്കാൻ
ഒരൊന്നാന്തരം വരാന്ത...

# കൊറോണക്കാലത്തെ പ്രണയം



സോണി വർഗീസ് വാരനാട്

കവിത

വസന്തത്തിന്റെ ചിറകടിയൊച്ചകൾ
വിദൂരങ്ങളിൽ കേട്ടിരുന്നു.
അടുക്കുന്തോറും അവയ്ക്ക് വന്യത കൂടി വന്നു.
പിന്നെയത് മുറ്റത്തെത്തി.
തൊടികളിൽ നിറഞ്ഞ് പൂക്കുന്ന,
കൂർത്ത മുള്ളുകളുള്ള വസന്തം.

അണയാനൊരു തീരം തേടുന്ന നാവികനെ പോലെ
അതിന്റെ പരാഗങ്ങൾ തൊടിയിലാകെ പാറി നടന്നു.
മിന്നൽ കൈകൾ നീട്ടി ശലഭങ്ങളെ
ആകർഷിക്കുന്ന ദീപത്തെ പോലെ
അതിന്റെ ദളങ്ങൾ മഴവില്ല് പുതച്ച് ഒളിപൂണ്ടു.
മാളങ്ങൾ വിട്ടിറങ്ങി കുളിര് തേടുന്ന പാമ്പുകളെ പോലെ
അതിന്റെ മാസ്മരഗന്ധം വഴികളിൽ ഇഴഞ്ഞു നടന്നു.
ചുണ്ടിൽ മരണത്തിന്റെ ലിപ്സ്റ്റിക്കണിഞ്ഞ
വഴിയോരസുന്ദരികളായ് ഡാലിയകൾ,ഗുൽമോഹറുകൾ.

വസന്തത്തിന്റെ കാമുകൻമാർ, നിത്യപ്രണയികൾ
അവളുടെ നിറവുകളിലേക്ക് ആഴ്ന്നിറങ്ങുന്നു.
ദളങ്ങളിലുമ്മ വെച്ച്, ദളപുടത്തിലൂടെ പുഷ്പനാളിയിലേക്ക്.
പരാഗങ്ങൾ പൂശി ഉൾപ്പുളകങ്ങളുടെ ചുഴികളിലേക്ക്.
ഗന്ധങ്ങളിൽ നാസാദ്വാരങ്ങൾ ചുഴറ്റി
ഹർഷോന്മാദങ്ങളുടെ ആഴക്കയങ്ങളിലേക്ക്.
ചുണ്ടോട് ചുണ്ട് ചേർത്ത്, സംവേദനങ്ങളുടെ
പരകോടിയിലൂടെ നിത്യതയുടെ നീലിമയിലേയ്ക്ക്.

കൊറോണ, നീയൊരു വസന്തം.
വ്യഥിത കൗമാരങ്ങളെ പ്രണയത്തിന്റെ വീഞ്ഞ് കുടിപ്പിച്ചവൾ.
അവരുടെ ഉന്മത്തതകളെ സൗരഭമാക്കിയവൾ.
അവരുടെ ഞരമ്പുകളിൽ പരാഗസ്ഫോടനം തീർത്തവൾ.
അവർക്കുറങ്ങാൻ ലില്ലിപ്പൂക്കളുടെ മഞ്ചം തീർത്തവൾ.



കവിത

# വെയിൽ ചായുമ്പോൾ



ഷീബ ദിനേഷ്



വെയിൽചായുമ്പോൾ
സൂര്യന്റെ ചരിവുകൾ നോക്കി
വരണ്ട മണ്ണിലൂടെ
നിന്നിലേക്കൊരു പടിയിറക്കത്തിന്
ഒരുങ്ങുകയാണ് ഞാൻ '
മധ്യാഹ്നങ്ങൾപൊള്ളിച്ച
ഹൃദയത്തിൽ നിന്ന്
പ്രണയത്തിന്റെ പച്ചപ്പ്
നഷ്ടമായിരിക്കുന്നു.
എഴുതിയ വരികളിലൊന്നും
നീയും ഞാനുമില്ല.
കാലം തെറ്റിപ്പെയ്ത മഴകൾ
പ്രളയത്തിന്റെ വിത്തുമുളപ്പിക്കുന്നുണ്ട്.
കലങ്ങി മറിഞ്ഞ് ഒഴുകിപ്പോയൊരു
പുഴയിൽ നിന്ന്
സ്വപ്നങ്ങളെ ഇനിയേത് ചൂണ്ടക്കൊളുത്തിൽ
കോർത്തെടുക്കും?
മഷി വറ്റിയ പേനത്തുമ്പിൽ നിന്ന്
പിടഞ്ഞു വീഴുന്ന നിലവിളികളെ
കവിതയിലേക്ക് എങ്ങിനെ വിവർത്തനം ചെയ്യും.
വെയിൽ ചായുമ്പോൾ
നരച്ച സന്ധ്യകളെ നോക്കി
ആകാശം കൊളുത്തൂരി വിട്ട
മിന്നൽ വെളിച്ചത്തിൽ
നിന്നിലേക്കിനി അധികദൂരമില്ലല്ലോ എന്നോർത്ത്
പടിയിറങ്ങട്ടെ ഞാൻ.





ഡോ. അജയ് നാരായണൻ

# ആത്മാവ് തിരയുന്നവർ

പക്ഷികൾക്ക്
പക്ഷങ്ങളില്ലാതിരുന്ന കാലം
സ്വപ്നങ്ങൾക്ക്
സ്വന്തം മുളപൊട്ടാത്ത നാളിൽ
മരങ്ങളുടെയാത്മാവുകൾ
കാറ്റിനോടും കടലിനോടും
പയ്യാരം ചൊല്ലുമായിരുന്ന
രാവുകളിൽ
ഈ വാഗ്ദത്തഭൂവിൽ
കന്മദം തേടി കലമാനുകൾ
പിറന്നുവീണിരുന്നു,
പിന്നീടവർ കവികളായി,
എഴുതുവാൻ
വിരലുകളില്ലാത്ത
കവികൾ!

അന്നുതൊട്ടിന്നോളം
മനുഷ്യൻ
അവന്റെയാത്മാവിനെയും
സ്വപ്നങ്ങളെയും
അപ്പത്തിനായി വിറ്റുതുലച്ചു.
വീഞ്ഞിനായി
ശരീരം വാടകയ്ക്കും കൊടുത്തു.
അവരങ്ങനെ
അന്യവൽക്കരിക്കപ്പെട്ടവരായി,
തിരസ്കൃതരായി.
അവരിന്നും തിരയുന്നതോ
വാടകയ്ക്കൊരു മുറി!

പിന്നെപ്പിന്നെ
പർവ്വതങ്ങൾ നിശ്ചലമായി
മരങ്ങൾ നിശബ്ദമായി
ചിറകുമുളച്ച പക്ഷികൾ
അനങ്ങാമരത്തിൽ
കൂടുകൂട്ടി
വിപ്ലവം പറഞ്ഞവേളയിൽ
മുറിച്ചെടുത്തു ചിറകുകൾ
ചിലർ,
പിഴുതെടുത്തു നാവുകൾ പലർ!
അധികാരസ്വപ്നങ്ങളങ്ങനെ
പിറന്നു...
അവരിന്നും തേടുന്നതഗ്നിയിൽ
തിളയ്ക്കുവാൻ സീതകളെ,
മുലകളരിയുവാൻ
ശൂർപ്പണഖമാരെ,
പെറ്റുകൂട്ടുവാൻ ഹവ്വകളെ!

പാവം ഗന്ധർവന്മാർ
പാടാൻ പാട്ടുകളില്ലാതെ
പറയാൻ പ്രണയമില്ലാതെ
പുണരാൻ യക്ഷികളില്ലാതെ
രൂപമില്ലാതെ
സ്വത്വമില്ലാതെ
ഇന്നും ഭൂമിയിലൊഴുകുന്നു
നിലാവുപോലെ...
അവർ തേടുന്നതോ,
വാടകയ്ക്കൊരു ഹൃദയം!

# ഗതികെട്ടൊരു സ്നേഹം



വീടിന്റെയോരോ മുക്കും മൂലകളും
മാറാല കൊണ്ട് മൂടപ്പെട്ടിരിക്കുന്നു..

എന്തോ തിരഞ്ഞിറങ്ങുന്ന ഉറുമ്പുകൾ
വരിവരിയായിട്ടവസാനം
പലയിടങ്ങളിലും മണ്ണ് കൂട്ടിയിട്ടുണ്ട്..

നട്ടുനനച്ചതും പന്തലൊരുക്കിയതുമില്ലാം
വാടിക്കരിഞ്ഞൊടുങ്ങാറായിട്ടുണ്ട്..

സുഗന്ധമുണ്ടായിരുന്നയിടങ്ങളെല്ലാം
ദുർഗന്ധം കീഴടക്കി കഴിഞ്ഞു..

അടുക്കിവെച്ച പലതിനെയും
ചിതൽ കാർന്നു തിന്നു കഴിഞ്ഞു..

ഒരു ശ്വാസഗതിയുടെ ശബ്ദം പോലുമില്ലാത്തവിധം
അവിടമാകെ നിശ്ശബ്ദമാണിപ്പോൾ..

കവിത

ജീവനോടെ മരിച്ചു ജീവിക്കുന്ന ആത്മാക്കളുണ്ടവിടെ..
മനസ്സുകൊണ്ടലഞ്ഞു തിരിയുന്നുണ്ടവർ..

ഇനിയുമൊരു ജീവിതം കാത്തു നിൽക്കാനില്ലെന്നറിഞ്ഞിട്ടും
അവരിപ്പോഴും സ്നേഹമാണത്രേ...

അതെ..
അല്ലെങ്കിലുമതങ്ങനെ വേണമല്ലോ...

ചിതറിക്കിടക്കുന്ന മുത്തുകളിലുമവസാനം
മാല തീർക്കുന്നവരില്ലേ??

ഒരിക്കൽ കൂടിയൊരു ഉതിർന്നുപോകലിനിടമേകാതെ
കാക്കുന്നവർ..

ഏത് നഷ്ടങ്ങളിലും കാവലായി ജീവിക്കുന്നവർ..
തനിച്ചായി പോയതിനാരോടും പരിഭവത്തിനിടമേകാത്തവർ..

ചില നഷ്ടങ്ങളോടും അവർക്ക് സ്നേഹമായിരുന്നത്രെ..
വിധി കൊണ്ട് പോലും
ഗതി മാറാത്തൊരു സ്നേഹം..

ഒരു പിൻവിളിക്കോ ഇഴ പിരിയലിനോ ഇടമേകാതെ
ഒരായുസിനവസാനം മൺ കൂനകളിൽ ഒരുമിച്ചുറങ്ങുമ്പോഴും
ചില കൺകോണുകളിൽ കണ്ണുനീരൊഴുകുന്ന സ്നേഹം..



അലിഷ മാഹിൻ



അമീന ബഷീർ

# അവളുടെ സ്വർഗ്ഗം



ചുവരുകളിൽ സമയം നിലച്ച
ഘടികാരം
എന്നും ഒരു മണിയായ ഒരു
പകലിൽ
തീവണ്ടികൾ ഇടക്കിടെ വരവറിയിക്കുന്ന
ഒരു വീട്ടിൽ
അവൾ തനിച്ചായിരുന്നു..
അതുമല്ലെങ്കിൽ അവൾക്കൊരു
നായ
സ്വന്തമായിട്ടുണ്ടായിരുന്നു..
യൗവനം പല ദിശകളിലേക്കു
വിരൽ ചൂണ്ടുമ്പോഴും
അവൾ ആസക്തികളോടു
കൂട്ടുകൂടിയലഞ്ഞു..
എന്നിട്ടും ചിറകുകൾ നഷ്ടമായ
പക്ഷിയാണെന്ന്
അവളുടെ ഏകാന്തതകൾ
അവളോടു പറഞ്ഞു കൊണ്ടിരുന്നു..
പരിണാമങ്ങൾ കാലങ്ങൾക്കു
മാത്രമല്ല
അവളിലെയീ ചങ്ങലകൾക്കൊഴിഞ്ഞ്
മറ്റവസ്ഥകൾക്കെല്ലാമുണ്ടായിരുന്നു..
അനാഥത്വം അത്രമേലവളെ
അലട്ടിയിരുന്നു..
തീവണ്ടികൾ ചീറിപ്പാഞ്ഞു
കൊണ്ടിരുന്നു..
അവളുടെ സ്വസ്ഥത കെടുത്തിയ
ചിന്തകളും..
അങ്ങനെയൊരു രാത്രിയിൽ
ഭൂമിയിൽ സ്വർഗ്ഗമിറങ്ങി വന്നതു
പോലെ
അവൾ സന്തോഷിച്ചു..
പ്രിയപ്പെട്ടവരെ കെട്ടിപ്പിടിച്ചു..
കണ്ണുനീർ വാർത്തു..
വിശേഷങ്ങൾ തിരക്കി..
നായ അവൾക്കരികിൽ
ചേർന്നിരുന്നു..
പിറ്റേന്നു മുതൽ അവളുടെ
പകലുകൾ നിശ്ശബ്ദമായി..
ജോലിക്കാരി വന്ന് തറ തുടച്ചു
തുണികൾ കഴുകിയിട്ടു..
രണ്ടു രാത്രികൾക്കിടയിൽ
ഒരു മൃതദേഹമവിടെ
അഴുകിത്തുടങ്ങിയിരുന്നു..
വീട് ശൂന്യമായി
അവളുടെ കാഴ്ചകളും..

കവിത

# നിന്നെ വരക്കുമ്പോൾ

നിർന്നിമേഷം നോക്കിയിരുന്നു ഞാൻ
നിൻ രൂപം വരച്ചു
നീലനയനങ്ങൾ
ഇടതൂർന്ന കാർകൂന്തൽ
വിടർന്നയധരങ്ങൾ
ജീവൻ തുടിക്കുമാചിത്രം നിനക്കായ് കാഴ്ചവെച്ചു .

എന്നിട്ടും നീ പറയുന്നു
കണ്ണുകളിലൊളിച്ചിരിക്കും കടലാഴങ്ങളെ
കണ്ടെടുക്കാനായില്ലെന്ന്
അതിലൊഴുകും വിഷാദത്തിന്നോളങ്ങൾ
മോഹത്തിൻ പച്ചത്തുരുത്തുകൾ ,
സ്വപ്നങ്ങൾ തൻ  പരൽമീൻ തുടിപ്പുകൾ
വിടർന്ന ചിരിക്കുള്ളിലെ  വിങ്ങും നെഞ്ചകം .
ഒന്നുമീ ചിത്രത്തിൽ തെളിഞ്ഞില്ലെന്ന് .

നിനക്കൊരിക്കലുമെൻ ഹൃദയജാലകക്കാഴ്ചകൾ
വരക്കുവാനാവില്ലെന്ന്  പരിഭവം
പറഞ്ഞു നീ പടിയിറങ്ങുമ്പോൾ
അറിഞ്ഞുവോ സഖീ
എന്റെയുള്ളിലനേകം ചായക്കൂട്ടുകൾ
ഒരുമിച്ചുടഞ്ഞു വീഴും നിശബ്ദസ്വരം.





തസ്നി ജബീൽ



# 'പ്രണയത്തെക്കുറിച്ചുള്ള ചില ചോദ്യങ്ങൾ'

കവിത



ചാക്കോ ഡി അന്തിക്കാട്

ഫെബ്രുവരി 14
വാലന്റൈൻസ് ഡേ
സന്ദേശമയക്കണം
ഒരു കവിതയാവാം...

ഉടൻ തെളിഞ്ഞത്
കുറേ ചോദ്യങ്ങൾ...

ആദ്യം പൂക്കളോട്
ചോദിച്ചു :
നിങ്ങൾ പ്രേമിച്ചിട്ടുണ്ടോ?

പൂക്കൾ,
മുൻ കാമുകീ-
കാമുകന്മാർ
സൊള്ളിപ്പിരിഞ്ഞ
പുൽത്തകിടിയിലേയ്ക്ക്
കൊഴിഞ്ഞു വീണ്
പൊട്ടിക്കരഞ്ഞു.

മേഘങ്ങളോട് ചോദിച്ചു :
നിങ്ങളോ?

ഉടൻപെയ്തു
മൺസൂൺ മഴ...
കണ്ണീർ മഴ.

പുഴകളോടു ചോദിച്ചപ്പോൾ
അനാഥമായൊഴുകുന്ന
പൊങ്ങുതടി
ചൂണ്ടിക്കാണിച്ചു.

കടലിനോട് ചോദിച്ചപ്പോൾ
എന്നും നഷ്ടപ്രണയത്തിൻ
പ്രതീകമായ
അസ്തമയസൂര്യനെ
പൊക്കിക്കാണിച്ചു.

നിലാവിനോട് ചോദിച്ചപ്പോൾ
കാർമേഘങ്ങൾ വിഴുങ്ങിയ
ചന്ദ്രബിംബം കാട്ടിക്കൊടുത്തു.

മരുഭൂമിയോട് ചോദിച്ചപ്പോൾ
ഉണങ്ങിയ
മരുപ്പച്ചയിലേക്കാനയിച്ചു.

ഒടുവിൽ
സ്വയം ചോദിച്ചു :
നീ ആരേയും പ്രേമിച്ചിട്ടില്ലേ?

പെട്ടി തുറന്ന്
തിമിരം ബാധിച്ച
പ്രണയാക്ഷരങ്ങളുള്ള,
മങ്ങിയ വെള്ളക്കടലാസ്സുകൾ
പുറത്തെടുത്തു
കത്തിച്ചു.
ഒന്നുമെഴുതാത്തവയും
കൂട്ടത്തിൽ
ആത്മാഹൂതി നടത്തി!

കരയാനായി
കണ്ണുകൾ
പലതവണ
ഇറുക്കിയടച്ചു,
തുറന്നു...

കണ്ണാടിയിൽ
പരിശോധിച്ചു.
ഒരു തരി പുഞ്ചിരിയും
ഒരിറ്റു കണ്ണീരും
പൊടിയുന്നില്ല

അപ്പോൾ
ആകാശപ്പരപ്പിലും,
ചക്രവാളത്തിലും,
വായുവിലും,
വെള്ളത്തിലുമെഴുതി :

'പ്രേമത്തിന്റെ പേരിൽ
ഒന്നു ചിരിക്കാനും
കരയാനും
കഴിയാത്തവർക്ക്
പ്രണയിക്കാൻ
അർഹതയില്ല!

അവരുടെ നെടുവീർപ്പുകൾ
അനാഥപ്രേതംപ്പോലെ...
അവരുടെയോർമ്മകൾ
വെള്ളപ്പൂശിയ
ശവക്കല്ലറകൾപ്പോലെയും!'

ഇതു വായിച്ച
അയാളുടെ
മുൻ കാമുകി
അയാളെയോർത്തു
സഹതാപത്തോടെ
മെല്ലെ
പുഞ്ചിരിക്കുകയും
ഉടൻ
പൊട്ടിക്കരയുകയും ചെയ്തു!

അന്നുമുതൽ
സ്വയം
സൂര്യകാന്തിപ്പൂവായി
മാറാനുള്ള
തപസ്സു തുടങ്ങീ...
അവൾ!



ദർശന



# അന്യരാക്കപ്പെടുന്നവർ

നിനയ്ക്കാതെ പെയ്ത മഴയ്ക്കൊപ്പം
അലച്ചെത്തിയ കാറ്റിന്
കന്മദത്തിന്റെ ഗന്ധമാണെന്ന്  ആരാണ് പറഞ്ഞത്.

പലവഴി പാഞ്ഞ  കാറ്റിന്റെ  കൈച്ചില്ലയിലൊന്ന്
യവനികകൾ തള്ളിമാറ്റുമ്പോൾ,
വിദേഹരാജ്യത്തിന്റെ നേരവകാശി
കൽക്കൊട്ടാരത്തിന്റെ അകത്തളത്തിൽ
ഗാഢ മയക്കത്തിലായിരുന്നു.

ബാഗമതിയുടെ കുളിരോളങ്ങളിൽ
മുങ്ങിനിവർന്ന കാറ്റിന്റെ കൈകൾ
അവളുടെ അളകങ്ങളെ തലോടി,
കപോലങ്ങളിൽ  മൃദുവായി സ്പർശിച്ചു.

അവളുടെ അടഞ്ഞ കൺപോളകൾ
അപ്പോഴും വിഷാദം പരത്തി കൊണ്ടിരുന്നു.
നേർത്ത പുഞ്ചിരി തങ്ങിനിന്ന അധരങ്ങൾ
പക്ഷേ , പരിഭവമേതും ചൊല്ലിയില്ല.

എങ്കിലും ആര്യപുത്രാ, അങ്ങേയ്ക്ക്,
ഞാനെന്നാണ് അപരിചിതയായതെന്ന്
ഒരിക്കലെങ്കിലും അവളുടെ അന്തരംഗം മന്ത്രിച്ചിട്ടുണ്ടാകും.

ചമയങ്ങളണിഞ്ഞ് ചാരെയെത്തിയ
അവളെക്കണ്ടു കുപിതനായി
അവൻ എന്തൊക്കെയാവും പറഞ്ഞിട്ടുണ്ടാവുക?

ജ്യേഷ്ഠത്തിയുടെ നിർമ്മലതയെ പുകഴ്ത്തിയിരിക്കുമോ?
ശ്വശ്രുവിന്റെ
അടക്കമില്ലായ്മയോട് തുലനം ചെയ്തിട്ടുണ്ടാകുമോ?

കൃത്യനിർവഹണഭംഗമരുതെന്ന്
കൽപ്പിച്ചിരുത്താൻ ഒരു തോഴി മതിയാകുമായിരുന്നില്ലേ,
എന്തിനായിരുന്നു ഈ പാണിഗ്രഹണം.

ലക്ഷ്മണ, നീ അനുധാവനം ചെയ്യുന്നവരുടെ
രക്ഷയ്ക്കായി ഏറ്റുവാങ്ങിയ
ഈ നിദ്രയെക്കുറിച്ചോർക്കെ ,
അറിയാതെ പോകുന്നില്ലേ ഇവളെ .

തിരിഞ്ഞു നോക്കാതെ നീയിറങ്ങിപ്പോയ രാവു മുഴുവൻ
ഇവളുടെ ഗായത്രിവീണ
വിഷാദശ്രുതി മുഴക്കിയിരുന്നു
പിന്നെയത് നിതാന്ത മൗനത്തിലാണ്ടു.

മധുബനി ചിത്രങ്ങളാൽ അലങ്കൃതമായ
കട്ടിത്തിരശ്ശീലകളിൽ ഇവളെഴുതിയ
നിന്റെ ഛായാപടങ്ങൾ
നിറംമങ്ങി പോയിരിക്കുന്നു
തൂലികകൾ അരികുദ്രവിച്ച്, അടർന്ന്
ചായത്തിൽ ഉണങ്ങി പിടിച്ചിരിക്കുന്നു.

നിർമുക്തയായി മയങ്ങുകയാണിവൾ.
അതിനിടയിൽ കനവായി പോലും
നീ കടന്നു വരാതിരിക്കാൻ
വരമായി വാങ്ങിയ നിത്യനിദ്ര.

ഹേ ലക്ഷ്മണ,
ആരണ്യകത്തിൽ അലയുമ്പോൾ
നിന്നെ ചൂഴ്ന്നത് കുളിർതെന്നലായിരുന്നില്ല,
ഇവളുടെ നിശ്വാസങ്ങളായിരുന്നു.

വാക്കുപാലിക്കാൻ നീ ആത്മത്യാഗം ചെയ്തത്
സരയുവിലായിരുന്നില്ല,
ഇവളുടെ ഒരിക്കലും വറ്റാത്ത കണ്ണീർത്തടാകങ്ങളിലായിരുന്നു.

# ഒളിയമ്പ്

നീയെപ്പോഴാണ്
മുറിഞ്ഞ വാക്കുകളെ തുന്നി
ചേർക്കാൻ തുടങ്ങിയത്

അക്ഷരങ്ങൾക്ക് മോഹാലസ്യം
വന്നു തുടങ്ങിയപ്പോൾ
കൂട്ടം കൂടിനിന്ന് പുസ്തകങ്ങൾ
നിലവിളിച്ചു തുടങ്ങിയിരിക്കുന്നു

വെട്ടി മുറിക്കുന്ന തീവണ്ടി വേഗങ്ങളിൽ
കുടുങ്ങി
നെടുവീർപ്പുകൾക്ക്
കണ്ണും കാതും നഷ്ടപ്പെടുന്നു

വട്ടം കെട്ടിപ്പിടിച്ചവർ
വരിഞ്ഞു മുറുക്കി
ന്യായം പറയുന്നു

ആവിപറക്കുന്ന അക്ഷരങ്ങളിൽ
നിന്ദിതന്റെയും
പീഡിതന്റെയും
ആത്മരോധനങ്ങൾക്ക്
കാതു കൊടുത്തവർ
വരണ്ടൊട്ടിയ വയറുക്കീറി രസിക്കുന്നു

കണ്ണും കാതും ഇയ്യം
ഉരുക്കിയൊഴിക്കുന്നു
കരുണവറ്റിയ
പുതു പാഠങ്ങൾ
പെരുമ്പറ കൊട്ടിയാടുന്നു

തടം കെട്ടി വിങ്ങലുകൾ
തടഞ്ഞു നിർത്താൻ
വ്യഥാപാടുപ്പെടുന്നുണ്ട്
കാരണവർ





ശിവൻ തലപ്പുലത്ത്



# ന്റുമ്മയുറങ്ങും വീട്

നിറം മങ്ങിയ വീടായിരുന്നു എന്റേത്
പച്ചച്ചായമടിച്ച, മോന്ത -
മിനുക്കിയ, ഒരിടത്തരം
വീട്.
മോന്തായം കുത്തിയൊ
ലിച്ച്, മൂലോട് മാറ്റിക്കെ -
ട്ടിയ, ഇറയത്തേക്കിറ്റു
വീഴുന്നൊരു വീട്.

കത്തിയെരിഞ്ഞ
അടുപ്പുക്കല്ലിലെ
കരിനിറത്തിലും
ചേലോടെ ഊതിക്കറു
ത്ത - യെന്റുമ്മയുള്ളൊ
രുവീട് .
ഇളം കാറ്റിൽ
തളരിതമാകുന്ന, പാതി
വയറിൻമയക്കത്തോടെ
ന്റുമ്മയുറങ്ങുന്ന വീട്.
ഹിമ പുഷ്പം നിറയും
ജന്മാന്തര സുകൃതമാ-
ണെനിക്കെന്റെ വീട്
ന്റുമ്മയുള്ള വീട്!



കയ്യുമ്മു കോട്ടപ്പടി

# കൂട്

കുന്നിൻ ചരിവിലെ
കയറ്റത്തായിരുന്നു
അയാളുടെ ഒറ്റമുറി വീട്

ആകാശത്തേക്ക്
തുറക്കുന്ന
ജാലകമുള്ള
ആ വീട്

ജാലകം തുറന്നാൽ
പാറിനടക്കുന്ന
കിളികളുടെ
പാട്ടുകേൾക്കാം

പുറത്തു മഞ്ഞു പെയ്തുകൊണ്ടിരുന്ന
മാസം മുഴുവൻ കിളിയ്ക്കായി
അയാൾ ഒരു കൂട്
പണിയുകയായിരുന്നു

മഞ്ഞുകാലം കഴിയുമ്പോൾ
കൂടിന്റെ പണിതീരണം
എന്നിട്ട്
ഒരു കിളിയെ കൂട്ടിലിട്ട്
പാട്ട് കേൾക്കണം

മഞ്ഞു കാലം കഴിയും മുമ്പേ
കൂട് പൂർത്തിയായി
എവിടെനിന്നോ ഒരു കിളിയെ കൊണ്ടുവന്നു
അയാൾ കൂട്ടിലാക്കി

പക്ഷെ കിളി പാടിയ
പാട്ടില്ലെല്ലാം
ജനിച്ചനാട്ടിൽ
അടിമയാക്കപ്പെട്ടവരുടെ
നാട് നഷ്ടമായവരുടെ
വേദനയായിരുന്നു

സ്വാതന്ത്ര്യം ഒരു അനുഭവമല്ലെന്നും
വെറും വാഗ്ദാനം മാത്രമാണെന്ന്
കിളിപാടി

അയാൾ കിളിയെ
ആകാശത്തേക്ക്
പറത്തി വിട്ട്
കൂട് നശിപ്പിച്ചു
കളഞ്ഞു

ഒറ്റമുറിവീട് വിട്ട് കുന്നിറിങ്ങി
സമതലത്തിലേക്ക് നടന്നു
കിളി മധുരമായി പാടുന്ന
ഒരു പാട്ട് സമതലമാകെ കേൾക്കാമായിരുന്നു

പാട്ടിന്റെ താളത്തിൽ
മുങ്ങി പോയയാൾ
തനിക്ക് ചിറക് മുളയ്ക്കുന്നത്
അറിഞ്ഞു





ബൈജു റാഫേൽ ആലുവ

കവിത

# നിമിഷത്തുമ്പികൾ



ജയപാലൻ കാര്യാട്ട്

വെണ്ണിലാവുലാത്തുന്ന മച്ചിലേക്കൊരുവേള
കണ്ണെറിഞ്ഞകത്തളമൊതുങ്ങും യാമങ്ങളിൽ
അകലെ താരാപഥച്ചെരുവിലൊരു മിന്നൽ
മനസ്സു മന്ത്രിക്കുന്നു വന്നിടാമവൻ വീണ്ടും!
എൻചുടുനിശ്വാസത്തിൻ മേഘപാളിയിൽവീണ്ടും
നിൻ മന്ദഹാസം പൊട്ടിവിടരും മുഹൂർത്തങ്ങൾ.
ചേതനമരവിച്ചൊരാമുറിപ്പാടിൻ നെഞ്ചിൽ
ചേതമായുള്ളിൽ നിത്യവേദന പെരുകുമ്പോൾ
ആവതെങ്ങനെ മറന്നീടുവാനാമോദത്തിൻ
തേരേറിയകലങ്ങൾക്കപ്പുറം പറന്ന നാൾ?
സുന്ദരനിമിഷത്തിൻ തുമ്പികൾക്കൊപ്പംചേർന്നീ
സൗഹൃദ മകരന്ദമാവോളമുണ്ടോരല്ലൊ!
തിരയെണ്ണിയും തിരിച്ചവനെത്തുമെന്നോർത്തും
ഇമചിമ്മാതെക്കാലമുന്തുവാനെന്നോ വിധി?
ചിന്തയാലകം വെന്തുനീറുന്ന നെരിപ്പോടിൽ
ചിന്തിടുമശ്രുക്കളിന്നാകുലം മറയുന്നു.
മന്ദമായടുത്തെത്തി മന്ദ്രമായ് മന്ത്രിക്കുന്നു
കാതരേ ആഘോഷങ്ങൾക്കല്പമാണായുസ്സെന്നും!
കാവ്യജീവിതം കാമിച്ചൂഴിയിലലഞ്ഞനാൾ
ഭാവനാവൈരൂപ്യങ്ങളായുസ്സുകുറച്ചുവോ?
കൂട്ടിയും കിഴിക്കാതെ കോട്ടകെട്ടിയ നാളിൻ
കുതിപ്പിൽ കിതപ്പുകളോർത്തതില്ലെന്നോ കുറ്റം.
താളത്തിലോടും രഥയാത്രതൻ വേഗങ്ങളിൽ
തോളത്തുതട്ടും മോദദായകപ്രമാണങ്ങൾ
തെളിയും വഴികൾതൻ വിളക്കായ് വിഹായസ്സി-
ലുണരുമുഷസ്സിന്റെ പൊന്നൊളി പരന്നതും
അലകും പിടിമാറി പുലരും ദിനാന്തരേ
അലിവിന്നിടമേകാതടയും വഴികളും
വിധിയെന്നോതീ വിഷവാതകപ്പകർച്ചയിൽ
വികലമായുസ്സിന്റെ ജാതകക്കുറിപ്പുകൾ.
നിധിനേടിയോരിടം തേടിയോടിയ നേരം
വിധമൊന്നൊന്നായ് മാറി കാലടിയിടർച്ചകൾ.
കാത്തിരിപ്പനന്തമാണഴിയാക്കുരുക്കുകൾ
പാത്തിരിപ്പെന്നും വിധിവാക്യങ്ങൾവിചിത്രങ്ങൾ.
ഓർത്തിടുന്നെന്നും തവ നിശ്വാസമാശ്ലേഷങ്ങൾ
ചാർത്തി നൽകിയ സുരസുന്ദര നിമിഷങ്ങൾ.
ആയതിൻ മായാസ്പർശമാധുരിനുകർന്നെന്റെ
ആയുസ്സിന്നറിതിനാൾ താണ്ടിടാമേകാകിയായ്.
അന്തിതൻ വികൃതിയായന്ധത പടരവേ
അന്തകമുരുവിടുന്നാത്മനിന്ദതന്നീണം.
വിരഹത്തീയിൽ ചിറകെരിയും കിളിക്കുള്ളിൽ
കുറുകും ജീവസ്പന്ദമാപിനീ വിളംബരം.
ഓർമ്മകളീണം നൽകുമാദിവ്യസ്വരാഞ്ജലി
നാളുകളുന്താനുള്ളിലൂർജ്ജമായ് പടരട്ടെ.
കോൾമയിർക്കൊള്ളാൻമോഹമർമ്മരമുണർത്തുവാൻ
ഓർമ്മതന്നൂഞ്ഞാലേറി ഓടിയെത്തുമോ വീണ്ടും?





# അശ്വം

അശ്വം
ഒരു ആവേശമാണ്
ഉറച്ച കാലടികളിൽ
തലയെടുപ്പോടെ
മുന്നിലേക്ക് കുതിക്കുന്ന
പുതു ജീവിതത്തിന്റെ
ആവേശം.

അശ്വം
ഒരു താളമാണ്
അനസ്യൂതമൊഴുകുന്ന
വിശ്വ ജീവിതത്തിന്റെ
വിരസതയില്ലാത്ത
ചടുല താളം.

അശ്വം
ഒരു പ്രതീക്ഷയാണ്
എത്ര ദൂരവും
ഏതു കടമ്പയും
കുതിച്ചു തോൽപിക്കാമെന്ന
കൂടിയ പ്രതീക്ഷ

അശ്വം
ഒരു അടയാളമാണ്
അകന്നകന്നു പോകുന്ന
വിജയങ്ങളുടെ പിന്നാലെ
ഓടിയോടിത്തളരുന്ന
വ്യഥിത ജന്മങ്ങളുടെ
അടയാളം



സരസ്വതി കെ.എം

# അമ്മമാരോട്



മക്കളെചേർത്തുപിടിക്കുക,
മാതാവേ,
ഹൃദയത്തിൻഭാഷതൻ
സന്ദേശമുണ്ടതിൽ,
ഹൃദയ വ്യഥയുടെ സംഗീത
മുണ്ടതിൽ,
വർണ്ണസ്വപ്നങ്ങൾതൻ
സ്പന്ദനമുണ്ടതിൽ.

ദേഹങ്ങൾക്കിടയിലെയകല
ത്തിലല്ലൊരു ജന്മ-
ജന്മാന്തര ബന്ധം ജനിപ്പത്
ആത്മദാഹത്തിലും
പ്രണയത്തുടിപ്പിലും,ബന്ധങ്ങൾ
ബന്ധനമാവില്ലൊരിക്കലും.

നെഞ്ചു പിടയുന്ന
മാതൃത്വമെത്രയും
കൊഞ്ചലു കേട്ടു വളർത്തിയെടുത്തതാം
തത്തിക്കളിച്ചു നടക്കുന്ന
ബാല്യങ്ങൾ,
റാഞ്ചാൻ കൊതിക്കുന്ന
കണ്ണുകൾ ചുറ്റിലും.

ചാഞ്ഞും ചരിഞ്ഞും
നടക്കുന്ന കാക്ക -
ക്കറുമ്പിക്കു നോട്ടമോ
ചുണ്ടിലെ പാൽപ്പത,
ആരാനും കണ്ടാൽ
കളിയെന്നു കാക്കയും,
കാണാതിരുന്നാൽ
പിണയുന്നമളിയും.

സ്നേഹം നടിക്കും
കളിക്കും ചിരിക്കും,
വാത്സല്യ ദുഗ്ദ്ധം
നുണയാൻ ക്ഷണിക്കും,
ആരുണ്ടറിഞ്ഞു ,വിഷം
തേച്ച പോർമുല --
ക്കാമ്പിൽമരണം
പുതഞ്ഞിരിക്കുന്നതും.

മക്കളോടൊപ്പം നടക്കുക
മാതാവേ,
അനുകരണത്തിന്റെ -
യനുരണനമുണ്ടതിൽ,
ചിക്കിപ്പറക്കി നടക്കുന്ന
വേളയിൽ,
പക്ഷങ്ങൾ കാവലായ്
നീട്ടിപ്പിടിക്കുക.

അറിവിന്റെയാകശ -
വാതിൽ തുറക്കുക,
ആകാശ പെയ്ത്തിലെ
ഉൽക്കവർഷങ്ങളിൽ
ഉത്സാഹമോടെ കുടയായ്
നിവരുകു.

വഴിയിൽ കുരുക്കുന്ന
മുള്ളുകൾ താണ്ടുവാൻ'
കാലിൽ ചെരുപ്പായ്
ചേർന്നു നടക്കുക .

മക്കളെ മാറോട് ചേർക്കുക,
മാതാവേ,
കാഴ്ച്ചകൾ തെളിയുന്ന
വീക്ഷണമുണ്ടതിൽ
അനുഭവ ജ്ഞാനത്തിൻ
നോവുകൾ, ചിന്തകൾ,
കഞ്ഞിയിലുപ്പായ്
ചേർത്തുവിളമ്പുക.

ആസക്ത ചിന്തകൾ
ജ്വലിക്കും യുവത്വം
കൂട്ടിലൊതുങ്ങുവാൻ
കൂട്ടാത്ത പ്രായം
വർണ്ണച്ചിറകാർന്ന
ശലഭങ്ങൾ പോലെ
തീയിൽ പതിക്കാൻ
വെമ്പുന്ന മോഹം

കാണാമറയത്ത്
കാത്തിരിക്കുന്നൊരു
സന്ദേശകാവ്യവും
അശരീരി വാക്യവും
ചാഞ്ചല്യചിത്തം
ഭ്രമിക്കുന്ന വർണ്ണ---
ചിത്രങ്ങൾ മായും
മഴവില്ലു പോലെ.

പ്രച്ഛന്നവേഷ
വേഷങ്ങളാടുന്നവേദിയിൽ
അച്ഛനും ചേട്ടനുമാവനും
പിന്നെ, യക്ഷരനാഥനു -
മാത്മീയ ദേഹവും
വേഷമഴിച്ചാൽ
തനിപ്പകർപ്പല്ലയോ.

മക്കളോടൊപ്പമുറങ്ങുക
മാതാവേ,
മറക്കില്ല നെഞ്ചിലെ
ചൂടും മിടിപ്പും
ഭീതം തഴയ്ക്കുന്നൊരന്ധ--
കാരത്തിൽ
താരാട്ടുപാടി കവചങ്ങൾ
തീർക്കാം.



കല്ലൂർ ഈശ്വരൻ പോറ്റി



# വീട്...



ജിബിൽ പെരേര

വീടെന്നത്
അതിസുന്ദരമായ ഒരു ഗ്രഹമാണ്.
അച്ഛനാം ആകാശവും
അമ്മയാം കടലും
ഉപഗ്രഹങ്ങളെപ്പോലെ
ഉമ്മറം ചുറ്റുന്ന കുട്ടികളും
അവളെ കൂടുതൽ മനോഹരിയാക്കുന്നു..

വീട് കാണാൻ വരുന്നവരേ,
ദയവായി നിങ്ങൾ
ഒച്ചയുണ്ടാക്കല്ലെയുറക്കെ...!

മരിച്ചിട്ടും
മക്കളെക്കണ്ട് കൊതി തീരാത്ത
പിതൃക്കളുടെ ആത്മാക്കൾ അവിടെയെല്ലാം
ഒളിച്ചിരിക്കുന്നുണ്ട്

മാന്തി പൊളിക്കല്ലേ ഭിത്തികൾ.!

ഈ ചുവരുകൾക്കുള്ളിലാണ്
സന്തോഷത്തിന്റെ കണങ്ങൾ
ചെകുത്താന്മാർ മോഷ്ടിക്കാതിരിക്കാൻ
മാലാഖമാർ
സൂക്ഷിച്ചു വെക്കാറുള്ളതു ..

ഈ ദൈവത്തിന്
എന്തൊരു അസൂയയാണ്..!

ഒരേസമയം
ജീവനുള്ള രണ്ടു ദൈവങ്ങളെ
പ്രതിഷ്ഠിച്ചു പൂജിക്കുന്ന
മണ്ണിലെ
ഒരേ ഒരു ദേവാലയവും വീടാണല്ലോ !

ദേവന്മാരെ പ്രതികാരം ചെയ്യല്ലേ..

കാരണം
ഇതേ വീട്ടിൽ വെച്ചാണല്ലോ,
പാചകത്തിൽ പലപ്പോഴും
നളനെ തോൽപിച്ചു
അമ്മ തുടർച്ചയായി
സമ്മാനം നേടിക്കൊണ്ടിരിക്കുന്നതും
ദേവേന്ദ്രനെ കൊതിപ്പിക്കും പോലെ
അച്ഛൻ വീട് ഭരിക്കുന്നതും..

പൂക്കളിറുക്കല്ലേ സുഹൃത്തേ!

ഇനിയെനിക്കെന്റെ
പ്രിയതമയുമൊത്തു
ജീവിതകാലം മുഴുവൻ
വിനോദയാത്ര ചെയ്യേണ്ട
സ്ഥലമിതൊന്നു മാത്രമാണെ... .

വേരറുക്കല്ലേ മരങ്ങളുടെ.!

മരിച്ചാലും
എനിക്ക് ഓടിക്കളിക്കാനുള്ള
മുറ്റമാണത്.
അന്ന്
മതിയാവോളം
വീടും നോക്കി
കളിയൂഞ്ഞാൽ കാട്ടി-
തണലേകിയുറക്കാൻ
തെക്കേയതിരിൽ
ഒരു പുളിമരമെങ്കിലും വേണം...

എന്നിരുന്നാലും
വീട്
എന്നെ പ്രണയിക്കും പോലെ
വീടിനെ പ്രണയിക്കാൻ
ഞാനിടയ്ക്ക് മറന്നു പോകാറുണ്ട്.

അപ്പോഴെല്ലാം
മച്ചിലുറങ്ങുന്ന എലികളെ
ഇക്കിളിയാക്കിയുണർത്തി
അവളെക്കുറിച്ചു
പ്രേമപൂർവം
എഴുതാനും ഓർക്കാനും
അർദ്ധരാത്രികളിലെന്നെ
തട്ടിയുണർത്താറുണ്ട്,
വീടെന്ന
ഓടിട്ട മറുകുള്ള പെണ്ണ് ..

# പക(ൽ)വീടുകൾ



സഞ്ജയ്നാഥ്

പാലമിറങ്ങി വലത്തോട്ട് തിരിഞ്ഞാൽ
പക(ൽ) വീട് കാണാം.
കനത്ത നിശ്ശബ്ദത കൊണ്ട് തീർത്ത
ചുമരുകളിലൂടെ മെല്ലിച്ച കൈകൾ
പതുക്കെ നീങ്ങിപോകുന്നത്
നോക്കിയിരിക്കുമ്പോൾ
നക്ഷത്രങ്ങൾ മിന്നിയിരുന്ന
കണ്ണുകളിൽ നിന്ന് വിരസതകൾ
അടർന്നു വീഴും.
തൊട്ട്നോക്കാനായവേ ചിറക് വച്ച
ഈയാം പാറ്റകളെ പോലെ
അവ പതുക്കെ പറന്നു തുടങ്ങും.
പക(ൽ)വീടുകൽ മുഴുവൻ നിറച്ചവ
മെലിഞ്ഞ ശബ്ദത്തിൽ കരയും.
പക(ൽ) വീടിന് ചുറ്റും
ഇടതൂർന്ന് കാടുകൾ വളർന്നു തുടങ്ങും.
വെളിച്ചം കടക്കാത്ത വാതിലുകൾ മാത്രമുള്ള
വീടുകളിൽ നിന്ന് സ്നേഹം ഇറങ്ങി നടക്കുമ്പോൾ,
പിൻവിളിയായി നേർത്ത
കരച്ചിലുകളുണ്ടാകും.
ഉറപ്പില്ലാത്തൊരു പ്രതലത്തിന് മേൽ
തെന്നുന്നത് പോലെ ചില രൂപങ്ങൾ
അവിടെ ചലിക്കുന്നുണ്ട്.
കൂട്ടം തെറ്റിപ്പോയ വാക്കുകൾ
തേടി വന്ന് ചിലപ്പോഴൊക്കെ
സാന്ത്വനപ്പെടുത്താറുണ്ട്.
വീടുകൾ നിറംമാറി പോകുന്നത് പോലെ തോന്നുന്നുവെന്ന്
അവർ വെറുതേ പരാതി പറയും.
വെയിൽ കയറിവന്ന് തൊടുമ്പോൾ
അവർ ഉറക്കത്തിലാവും.
ഉറക്കത്തിൽ ചിരിച്ച് കൊണ്ടവർ
മക്കളോട് സംസാരിക്കും.
വെയിൽ മങ്ങിയാൽ കാട് വളർന്ന് തുടങ്ങും
നിശ്ശബ്ദത കനത്ത ഭിത്തികളിലൂടെ
മെല്ലിച്ച വിരലുകൾ ഓടിത്തുടങ്ങും.
വളർന്ന കാട്ടിൽ നിന്നും പക(ൽ)
എത്തിനോക്കും.
ഉറങ്ങാത്ത വീടുകളിലേക്ക്
ചിരിക്കാത്ത വീടുകളിലേക്ക്
വളർന്ന് കയറുന്ന കാടുകളിൽ പ്പെട്ട്
പക(ൽ ) വീടുകൾ കരയുന്നുണ്ട്.

# പെയ്തൊഴിയാതെ



കൃഷ്ണകുമാർ മാപ്രാണം

**ഉ**ച്ചയ്ക്കാണ് അവൾ വന്നു കയറിയത്. കോരി ച്ചൊരിയുന്ന മഴയത്ത്. പുറത്ത് വാതിൽക്കെ തുട രെ മുട്ടുകേട്ട് ചെന്നു നോക്കിയപ്പോൾ ആകെ മഴ നനഞ്ഞ് നിൽക്കുകയാണ് ലക്ഷ്മി.

" ജെൻസി ടീച്ചറുടെ വീട്ടിൽ ഒന്നു പോയ താ...അടുത്താഴ്ച ഞങ്ങൾക്ക് രണ്ടുപേർക്കും കോ ഴിക്കോട് ...ഒരു ട്രെയിനിംഗ്..ണ്ട് ... ഇവിടെവരെ വ ന്നപ്പോ..വിചാരിച്ചു ഇവിടൊന്നു കേറാന്ന്...കവലേ ല് എത്ത്യപ്പോഴാ ഓർക്കാപ്പുറത്ത് ഒരു മഴ ....'

കുടയുണ്ടെങ്കിലും അവളാകെ നനഞ്ഞു കുളി ച്ചിരിക്കുന്നു. നടന്ന് ഇറയത്തേയ്ക്ക് കയറുമ്പോൾ തന്നെ അവളന്വേഷിച്ചു

"അമ്മ അകത്തില്ലേ"

"ഇല്ല. ഗുരുവായൂർക്കുപോയിരിക്ക്യാ ...നിർമ്മാ ല്യം തൊഴണംന്നു ഒരാഗ്രഹം. അവിടെ ബാലമാമ യുണ്ടല്ലോ. നാളെ ഉച്ചയ്ക്കേ മടങ്ങൂ...'

"അപ്പോ ..ഒറ്റയ്ക്ക് ....'

അവൾ അയാളെ നോക്കി

"അല്ലെങ്കിലും. ഒറ്റയ്ക്കല്ലേ ...."

വിഷാദം മുറ്റിയ വാക്കുകൾ അവളുടെ ഹൃദയത്തെ നൊമ്പരപ്പെടുത്തി ..


അവൾ വിഷയം മാറ്റുകയായിരുന്നു

"ഓ ...എന്തൊരു മഴ ....എപ്പോ മാറാനാണ് .'

അവളാകെ നനഞ്ഞിരിക്കുന്നു. എന്നിട്ടും ഇറക്കാലിൽ വീഴുന്ന വെള്ളത്തിൽ നനഞ്ഞ കാൽപാദങ്ങളെ ഒന്നുകൂടി തണുപ്പിക്കാൻ നിന്ന് അവൾ അയാളെ വല്ലാതെ നോക്കി. അയാൾ വാതിൽ തുറന്നുപിടിച്ച് ക്ഷണിച്ചു .

"എന്തായാലും മഴയൊന്ന് കുറയട്ടെ. വ





രു ”

അവൾ കുടമടക്കി പടിയിൽ ചാരിവച്ച് നനഞ്ഞ സാരിയുടെ അറ്റം പിടിച്ചുലച്ചുകൊണ്ട് അകത്തേയ്ക്കു കയറി.

”ആകെ കുതിർന്നല്ലോ...”

അയാൾ പറഞ്ഞു

”എന്തൊരു തണുപ്പാ...”

അവളൊന്നു വിറച്ചു.

അവളുടെ തലമുടിയിൽ നിന്നും ജലകണങ്ങൾ താഴൊട്ടൊഴുകി പുറം മുഴുവനും നനച്ചിരുന്നു. ഉടുത്തിരുന്നതൊക്കെ നനഞ്ഞു കുതിർന്നിരിക്കുകയാണ്.

അവളുടെ നനഞ്ഞ വസ്ത്രങ്ങൾക്കിടയിലൂടെ പെണ്ണിടങ്ങൾ മുഴുവനും തെളിഞ്ഞു കാണാമായിരുന്നു.

”മുറിയിൽ സീതയുടെ വസ്ത്രങ്ങളുണ്ട് തൽക്കാലം അതെടുക്കാം. തലതോർത്തു..‘

അയാൾ അവളിൽ നിന്ന് നോട്ടം പിൻവലിച്ചു

അവളതു കണ്ടുപിടിച്ചിരുന്നു .

”സീതേടേ ...‘

അവൾ അന്ധാളിപ്പോടെ അയാളെ നോക്കി.

‘ഉം....അകത്തേയ്ക്കു പോയ്ക്കോളൂ...വേറെ മാർഗൊന്നുല്ല്യ ..നനഞ്ഞ് ഇങ്ങനെ നിക്കണ്ട ...”

അവൾ അനുസരിച്ചു . അയാളുടെ വാക്കുകൾ അവളെ അമ്പരപ്പിച്ചു . ഇതിനു മുൻപ് അവൾ വരുമ്പോഴൊക്കെ എന്തെങ്കിലും കാരണം പറഞ്ഞൊഴിവാക്കിയിരുന്ന ആളാണ് . അയാൾക്കപ്പോൾ തന്നോടു സ്നേഹമുണ്ട് . അവൾ വിചാരിച്ചു.

”അല്ലേലും ആകെ നനഞ്ഞു . ഇതും വച്ച് എങ്ങിനെ പോവാനാണ്. ഈ റോട്ടിലൂടെ ..ല്ലേ ..”

അവൾ അയാളെ മധുരമായി കടാക്ഷിച്ചുകൊണ്ട് അവിടെ തന്നെ നിന്നു .

സീതയില്ലാതെ ഒരു വർഷമായിരിക്കുന്നു. ഓർമ്മയ്ക്കായി അവശേഷിപ്പിച്ചവ മുറിയിൽ ചിതറി കിടക്കുന്നുണ്ട് ഇപ്പോഴും .

സീതയുടെ മണം തങ്ങിനിന്നിരുന്നു മുറിയിൽ നിന്നും

അതൊക്കെ മാറ്റികളയാൻ ശ്രമിച്ചവരോടൊക്കെ അയാൾ ദേഷ്യപ്പെടുകയാണുണ്ടായത് .

അവളുടെ യാതൊന്നും തൊടാൻ അനുവദിക്കാത്ത അയാൾ തന്നോട് സീതയുടെ വസ്ത്രം ധരിച്ചോളൂ എന്നു പറഞ്ഞതു കേട്ടപ്പോൾ അവൾക്ക് അത്ഭുതവും അതോടൊപ്പം ഒരു പ്രതീക്ഷയുമുണ്ടായി.

എല്ലാവരും പുതിയൊരു ബന്ധം ആലോചിച്ചതാണ് . അല്ല. പുതിയതോ? അവൾ ചിന്തിച്ചു . സീതയ്ക്കുമുൻപേ താനിവിടെ വരേണ്ടതായിരുന്നില്ലേ. എല്ലാവരും ആഗ്രഹിച്ചതുമാണ്. അതിനിടയിലായിരുന്നില്ലോ സീത കയറിവന്നത്.

സീതയെ കണ്ടുമുട്ടിയതും അവൾ അയാളുടെ ജീവിതസഖിയായതും തൻറെ മനസ്സിലുണ്ടായിരുന്ന ആശകളെയെല്ലാം തല്ലികെടുത്തി.

ആ ഒരുവിഷമം മൂലം തനിക്കു കൊണ്ടുവന്ന ഓരോ ആലോചനകളും താൻ വേണ്ടെന്നുവച്ചു.

മുന്നേ മൂന്നുവർഷത്തിനിടയിൽ അതു സംഭവിച്ചു. സീത പോയി. എല്ലാവരിലും ഒരു ഞെട്ടലുണ്ടാക്കികൊണ്ടാണ് സീത പോയത്. അയാളാണെങ്കിൽ അവളുടെ

ഓർമ്മകളുമായി കഴിയുകയാണ്.

യൗവ്വനയുക്തയായ ഒരു പെണ്ണാണ് തൊട്ടടുത്ത് നനഞ്ഞു നിൽക്കുന്നത്. അയാൾക്കു ആകെ കൂടി ഒരസ്വസ്ഥത തോന്നി. അവളെന്തിനാണ് താൻ മാത്രമുള്ള നേരം നോക്കി വന്നത്. ഓരോ അവസരങ്ങളുമുണ്ടാക്കി തന്നെ എന്തിനാണ് ഇടയ്ക്കു കാണാനെത്തുന്നത്.

നനഞ്ഞ വസ്ത്രത്തിൽ കുതിർന്നു തണുത്ത് വിറയ്ക്കുന്ന അവളെ നോക്കാതെ തന്നെ അയാൾ പറഞ്ഞു.

"അകത്ത് ...അവിടെയുണ്ടാകും ...നിനക്ക് മാറാനുള്ളത് ..നനഞ്ഞതൊക്കെ ...പിഴിഞ്ഞ് ഫാനിന് കീഴെയിട്ടോളൂ ...അൽപ്പമെങ്കിലും ഉണങ്ങികിട്ടും ... "

ലക്ഷ്മിയുടെയുള്ളിൽ പൊലിഞ്ഞു പോയ സ്വപ്നത്തിന് വീണ്ടും ചിറകുകൾ മുളയ്ക്കാൻ തുടങ്ങിയിരുന്നു .

മനസ്സിൽ സന്തോഷം അലതല്ലുന്നുണ്ടെങ്കിലും അവളെന്തോ മടിച്ചു നിൽക്കുന്നതു പോലെ ഭാവിച്ചു.

"ചെല്ലൂ ...'

അവൾ അകത്തേയ്ക്കു കടന്നു.

മുറിയിൽ കയറി കതകുചാരിയിട്ടു. സീതയുടെ വസ്ത്രങ്ങൾ കട്ടിലിൽ ചിതറി കിടക്കുന്നുണ്ട്. നനഞ്ഞ് ദേഹത്തോടൊട്ടികിടന്നവ ഒന്നൊന്നായി അഴിച്ച് അവൾ പിഴിഞ്ഞ് അയയിലിട്ടു. സീതയുടെ മണമുള്ള വസ്ത്രം ദേഹത്തോടു ചേർത്തു പിടിച്ചു. അതു തന്നെ പൊതിയുമ്പോൾ അവൾക്കെന്തോ ഒരു സുഖംതോന്നി.

മുറി തുറന്ന് വെളിയിലെത്തിയപ്പോൾ പുറത്തെ മഴ നോക്കി നിൽക്കുകയായിരുന്നു അയാൾ.

ഒരു കാറ്റുവീശി കടന്നപ്പോൾ മുന്നിൽ സീതയുടെ രൂപമാണോ അടുത്തെത്തിയത് എന്ന് അയാൾ സംശയിച്ചു .

സീതയുടെ വസ്ത്രത്തിൽ അവളെ കണ്ടതും അയാൾക്കു കണ്ണുകളിൽ വിസ്മയം .

'എന്താ ഇങ്ങനെ നോക്കണേ ..."

'സീത..."

"അങ്ങിനെ തോന്ന്യോ..."

അവൾ ചിരിച്ചു .

കണ്ണുകൾ അവളെയാകെയുഴിഞ്ഞു.

"അത്ര സ്നേഹമുണ്ടായിരുന്നൂലേ..."

അതിന് മറുപടി പറയാതെ സീതയുടെ ഗന്ധം ശ്വസിച്ച് അവളെതന്നെ നോക്കിനിന്നു. അവളുടെ ശ്വാസം അടുത്തെത്തി. കാറ്റിൽ മുറ്റത്തു നിന്ന പൂമരത്തിലെ കൊമ്പുകൾ ചാഞ്ഞു. മഴ അതിശക്തമായി പെയ്തൊഴിയാതെ നിന്നു.

ലക്ഷ്മിയുടെ കണ്ണുകളിൽ കണ്ട വികാരപ്രപഞ്ചം അയാളിൽ സീതയുടെ ഓർമ്മകളെ കൊണ്ടുവന്നു. അവളെ ഇതുവരേയും കണ്ടിട്ടില്ലാത്ത വണ്ണം നോക്കികൊണ്ടിരുന്നപ്പോൾ അവൾക്ക് ലജ്ജതോന്നി.

"ഈ മഴ ഇപ്പോഴൊന്നും ശമിക്കുമെന്ന് തോന്നുന്നില്ല."

അവളുടെ ശബ്ദം നേർത്തിരുന്നു.

അവൾ പതിയെ അകത്തേയ്ക്കു നടന്നു. മഴ പുറത്ത് ആർത്തലച്ചു പെയ്തുകൊണ്ടേയിരുന്നു. മുറിയിൽ കണ്ണാടിയിൽ അവൾ സീതയുടെ പ്രതിബിംബം കണ്ടു. അവൾ കട്ടിലിൽ ഇരുന്നു. കതകുകൾ ചാരിയിടാതെ ഒരു കാലൊച്ചയ്ക്കായി കാതോർത്തു.

കനത്തുപെയ്യുന്ന മഴയുടെ കുളിര് വിട്ടുപോകാതെ അവളുടെ ദേഹത്ത് ഒട്ടിചേർന്നിരുന്നു. അവളുടെ മനസ്സാകെ എന്തിനോ വേണ്ടിയെന്നോണം തുടിച്ചുകൊണ്ടിരുന്നു.

പിന്നിൽ പാദപതനം അടുത്തുവരുന്നതായി അവൾക്കു തോന്നി .

"വരൂ മഴ കുറഞ്ഞിരിക്കുന്നു. നേരം ഇരുട്ടിയാൽ പോകാൻ പ്രയാസമാവും."


അയാളുടെ ശബ്ദം അവളിൽ വിരുന്നിനെത്തിയിരുന്ന കുളിരിനെ ഇല്ലാതാക്കി കളഞ്ഞു. പുറത്ത് മഴ ശമിച്ചെങ്കിലും അവളിൽ മറ്റൊരു മഴ അപ്പോഴും പെയ്തൊഴിയാതെ നിന്നിരുന്നു. ●



# മഞ്ഞ് വീണ തെരുവുകളിൽ



നജീബ് കാഞ്ഞിരോട്



**അ**യാൾ പുതിയൊരു കഥ തേടിയുള്ള യാത്രയിലാണ്. നഗരങ്ങളും ഗ്രാമങ്ങളും മലകളും കാടുകളും കടന്ന്. അസാധാരണമായ ശാന്തത കലങ്ങിയ ആ റഷ്യൻ തെരുവിലെത്തിയപ്പോൾ പ്രായമുള്ളൊരു സ്ത്രീ തെരുവിന്റെ ഓരത്തിരുന്ന് നിശബ്ദമായി കരയുന്നത് കണ്ടു. 'എന്താമ്മേ ഇങ്ങനെ കരയുന്നത്? ആരാണ് നിങ്ങൾ?' ഗോർക്കി എന്നെഴുതി വെച്ച പൊടി പിടിച്ച് നിറം മങ്ങിയ നെയിം ബോർഡിന് താഴെയിരിക്കുകയായിരുന്ന ആ സ്ത്രീ ഞെട്ടലോടെ തലയുയർത്തി. 'ഞാൻ പിലഗേയ നിലോവ്ന. ഞാനും എന്റെ മോൻ പാവേലും കൂട്ടുകാരും നടത്തിയ വിപ്ലവങ്ങളൊക്കെ വെറുതെയായല്ലോ എന്നോർക്കുമ്പോൾ വല്ലാത്തൊരു വേദന..' അവരുടെ മറുപടിയിൽ അയാളുടെ ചിന്തകൾ ഒരു നിമിഷം ചുവന്ന കാറ്റിനൊപ്പം സ്വന്തം നാട്ടിലേക്ക് പോയി തിരിച്ചു വന്നു. അന്വേഷിച്ച കഥ തനിക്കവിടെ കിട്ടില്ലെന്ന് മനസ്സിലായപ്പോൾ അയാൾ ഒന്നും മിണ്ടാതെ അവിടെ നിന്നും നടന്നു നീങ്ങി. അപ്പോഴും ആ സ്ത്രീയുടെ തേങ്ങൽ മഞ്ഞ് പെയ്തു കൊണ്ടിരിക്കുന്ന തെരുവിലേക്ക് അലച്ചു വീണു കൊണ്ടിരുന്നു.

രാത്രിയുടെ കറുത്ത തണുപ്പിലും പകലിന്റെ മഞ്ഞച്ച ചൂടിലും അയാൾ തന്റെ യാത്ര തു

ടർന്നു.

പുതിയ തെരുവുകളിൽ, ഗ്രാമങ്ങളിൽ, നഗരങ്ങളിൽ അയാളുടെ പാദങ്ങൾ കഥ തേടി അലഞ്ഞു. പുഴകളും മരുഭൂമികളും അയാളുടെ വിയർപ്പുകൾ ഏറ്റുവാങ്ങി ആശീർവദിച്ചു. ടാഗൻറോഗിന്റെ അഗാധതയിലും തണുത്ത കാറ്റും വിളറിയ മൗനവുമല്ലാതെ കഥകളൊന്നും ബാക്കിയുണ്ടായിരുന്നില്ല. അജ്ഞാത ജീവിതത്തിന്റെ ഏടുകൾ മറിച്ചു നോക്കി നിരാശനായ അയാൾ വിയർത്തു. യുദ്ധവും സമാധാനവും ഇടവിട്ട് നിറഞ്ഞ യാസ്നയ പോല്യാനയുടെ ഇടവഴികളിലൂടെ സഞ്ചരിക്കുമ്പോൾ ഏതോ കാട്ടിൽ നിന്നും അന്നാ കരേനിനയുടെ നിലവിളി കേട്ടതു പോലെ തോന്നിയെങ്കിലും അയാൾ പതറാതെ ലക്ഷ്യം തേടി നടന്നു കൊണ്ടിരുന്നു.

നിലാവ് നിറഞ്ഞ തണുത്ത രാത്രിയുടെ വിജനമായ ഏതോ യാമത്തിൽ ചുറ്റും വിഷാദം നിറഞ്ഞു നിന്ന ചെറിയൊരു കുടിലിൽ അലിഞ്ഞു തീരാറായ മെഴുകുതിരി വെട്ടത്തിൽ എന്തോ എഴുതിക്കൊണ്ടിരിക്കുന്ന അന്നയെ കണ്ടപ്പോൾ അയാളുടെ കണ്ണുകൾ തിളങ്ങി. ആ കടലാസുകൾ കിട്ടിയിരുന്നെങ്കിൽ തന്റെ അന്വേഷണം പൂർത്തിയാവും. പെട്ടെന്നാണ് പിന്നിൽ നിന്നും 'ആരാണ് നിങ്ങൾ? എന്താണ് വേണ്ടത്?' എന്ന ശബ്ദത്തോടൊപ്പം കാരമോവ് സഹോദരൻമാർ അയാളെ വളഞ്ഞു പിടിച്ചത്. 'ഞാൻ ഒരു എഴുത്തുകാരനാണ്. അങ്ങ് ദൂരെ കേരളത്തിൽ നിന്നും വരികയാണ്. ഒരു കഥ അന്വേഷിച്ചിറങ്ങിയതാണ്.' അയാളുടെ ശബ്ദത്തിൽ പരിഭ്രമം കലർന്നിരുന്നു. 'ആരാണ് പുറത്ത്? എന്താണ് ബഹളം?' അന്ന ഗ്രിഗോറിയേനയുടെ വിഷാദസ്വരം പുറത്തേക്ക് തെറിച്ചു വീണു. 'ഇയാൾ പെരുമ്പടവത്തിന്റെ നാട്ടിൽ നിന്നും വന്നതാണ്. ഒരു കഥ വേണമെന്ന്.' 'ഇവിടെ കഥയൊന്നുമില്ല. വേഗം പറഞ്ഞ് വിട്ടേക്ക്.'


മോസ്ക്കോയിലെ ഇരുട്ട് പുതച്ച റോഡിലേക്ക് അലച്ചു വീഴുമ്പോഴും അയാൾ നിരാശപ്പെട്ടില്ല. തണുത്തുറഞ്ഞ കവലയിലൂടെ മൂടൽ മഞ്ഞിൽ അയാൾ എഴുന്നേറ്റ് നടന്നു.

ഇടറിയ കാലുകൾ നീട്ടി വെച്ച് മുന്നോട്ട് നീങ്ങിയ അയാളുടെ യാത്രക്ക് അതിരുകൾ തടസ്സമായിരുന്നില്ല. പഴയ ഓസ്ട്രിയൻ നഗരമായ ബോഹീമിയ വഴി പ്രേഗിന്റെ തീരത്തലയുമ്പോൾ അയാളുടെ ചിന്തകൾ ഒരേ സമയം അതിയാഥാർഥ്യത്തിന്റെയും നിരർത്ഥകതയുടെയും ഉത്തുംഗതയിലായിരുന്നിരിക്കണം. പ്രേഗിലെ തെരുവുകളിൽ ചിതറികിടക്കുന്ന കത്തുകളിൽ തികഞ്ഞ അന്യതാ ബോധത്തോടെ അയാൾ തനിക്ക് വേണ്ട കഥ അന്വേഷിച്ചെങ്കിലും നിരാശയുടെ മൂടൽമഞ്ഞിൽ പുതഞ്ഞ് തിരിച്ചു പോയാലോ എന്നൊരു ചിന്ത ആത്മവിചാരണയെന്ന പോൽ അയാളെ വേട്ടയാടിക്കൊണ്ടിരുന്നു.

അറകാറ്റക്കയുടെ തീരവും കടന്ന് മെക്സിക്കോ സിറ്റിയുടെ പ്രാന്തപ്രദേശത്തെ ശ്മശാനത്തിന്റെ ഭീതിയുറഞ്ഞ നിശബ്ദതയിൽ അപരിചിതനായ തീർഥാടകനെയെന്ന പോലെ ഏകാന്തത ചുറ്റി വരിഞ്ഞപ്പോൾ അയാളുടെ ചിന്തകൾ വിപരീത ദിശയിലായി. ഒരുപക്ഷെ ആൽക്കെമിസ്റ്റിലെ സാന്റിയാഗോയെ പോലെ താൻ തേടുന്ന നിധി തന്റെ സ്വന്തം ദേശത്തിൽ തന്നെയാവാം എന്ന തിരിച്ചറിവിൽ അയാൾ തിരിച്ചുള്ള യാത്രയാരംഭിച്ചു. അയാൾ ഇപ്പോഴും യാത്ര തുടരുകയാണ്.. പുതിയ കഥ തേടി..



ലേഖനം



# പ്രണയം അന്നും ഇന്നും



മാഗ്ളിൻ ജാക്സൺ

**പ്ര**ണയം എന്നാൽ ഫെബ്രുവരി പതിനാലിൽ മാത്രം ഒതുങ്ങുന്നതല്ല.

ഭൂമിയിൽ ജീവനുള്ളിടത്തോളം കാലം പ്രണയമെന്ന സത്യം സർവ്വ ചരാചരങ്ങളിലും നിലനിൽക്കും.

ആത്മാർത്ഥ പ്രണയം എന്നാൽ ഒരാൾക്ക് നമ്മുടെ മനസ്സിനെ പൂർണ്ണമായും സമർപ്പിക്കലാണ്.. പ്രണയമെന്നത് ഒരു അനുഭൂതിയാണ്.. വാക്കുകളിൽ വരച്ചു കാണിക്കാൻ കഴിയാത്ത അനുഭൂതി.. അവിടെ കറുപ്പോ വെളുപ്പോ ജാതിയോ മതമോ സൗന്ദര്യമോ വിദ്യാഭ്യാസമോ ജോലിയോ കുടുംബ മഹിമയോ ഒന്നും ബാധകമല്ല ...

രണ്ടു മനസുകൾ തമ്മിലുള്ള ഉടനമ്പടിയിൽ ദിവ്യമായ പ്രണയം ആരംഭിക്കുന്നു..

പഴയ കാല പ്രണയങ്ങളും ഇന്ന ത്തെ കാലത്തെ ന്യൂജെൻ പ്രണയ ങ്ങളും തമ്മിൽ ഏറെ വിത്യാസമു ണ്ട്..

പണ്ടത്തെ കാലത്തുള്ള പ്രണയം എന്നു പറഞ്ഞാൽ അത് കാത്തിരി പ്പിന്റെ പ്രതീക്ഷകളുടെ പ്രണയമാ യിരുന്നു.. പ്രണയിനികൾക്കൊന്നും മൊബൈൽ ഫോണുകളോ സാമൂ ഹിക മാധ്യമങ്ങളോ ഒന്നും ഉണ്ടാ യിരുന്നില്ല.. പ്രണയിനി കടന്നു പോ കുന്ന വഴിയിൽ ഒരു സ്ഥലം കണ്ടു വെക്കും.

മരങ്ങളുടെ പൊത്തോ അല്ലെ ങ്കിൽ  വേലിയിൽ ഒരു ഓട്ട ഉണ്ടാ ക്കി അതിലോ  കരിയിലകൾക്കിട യിലൊ ഒക്കെയാണ് പ്രണയം അ ക്ഷരങ്ങൾ കൊണ്ട് നിറച്ച  പ്രണയ ലേഖനം ഒളിപ്പിച്ചു വയ്ക്കുന്നത്..

നേരിട്ടു ഒന്നു സംസാരിക്കണമെ ങ്കിൽ വല്ല ഉത്സവമോ . പള്ളിപ്പെരു ന്നാളോ ഉണ്ടാവണം.. അതും സു ഹൃത്തുക്കളുടെ സാനിധ്യത്തിൽ.. കൂട്ടുകാരികളോ  കൂട്ടുകാരനോ പ്ര ണയിനികൾക്ക് സംസാരിക്കാനുള്ള സൗകര്യമൊരുക്കി കൊടുക്കും .....

പഴയകാലത്തെ പ്രണയങ്ങൾ നിഷ്ക്കളങ്കമായിട്ടുള്ളതായിരുന്നു.. ശരീരം ആഗ്രഹിക്കാത്ത മനസുകൾ തമ്മിലുള്ള ദിവ്യ പ്രണയം..

അവളുടെ, അവന്റെ ,ശരീര ത്തിൽ ഒരു മുള്ളു കൊള്ളുന്നതു പോലും പരസ്പരം വേദന ഉളവാ ക്കിയിരുന്ന പ്രണയങ്ങൾ..

എന്നാൽ ഇന്ന് ന്യൂ ജൻ  തേപ്പു കളുടെ കാലത്ത് പ്രണയിതാക്കൾ പ്രണയം നഷ്ടപ്പെടുമ്പോൾ

പെട്രോൾ ഒഴിച്ചു കൊല്ലുന്നു.. വെട്ടിനുറുക്കി പെട്ടിയിലാക്കുന്നു. ക ഴുത്തിൽ കയറിട്ടു ശ്വാസം മുട്ടിച്ചു കൊല്ലുന്നു..

അങ്ങിനെ പല വിധത്തിലും നി ഷ്ക്കരുണമായ് കൊല ചെയ്യുന്നു. കാമുകനെ വിശ്വസിച്ചിറങ്ങിവരുന്ന കാമുകിക്ക് ജീവൻ തന്നെ നഷ്ടമാ കുന്നു ....

മെസ്സേജ് ബോക്സിലെ ബ്ലോക്കിൽ അവസാനിക്കുന്ന പ്രണയമാണ് ഇന്ന് യുവ തലമുറക്കുള്ളത്..

പ്രണയം എന്നാൽ ദൈവികമാണ്.

പ്രണയിക്കാത്തവർക്ക് പ്രണയം ഒ രു സങ്കൽപ്പം മാത്രമാണ്. ജീവിത ത്തിൽ ഒരാളെയെങ്കിലും പ്രണയിക്ക ണം. പ്രണയം എന്താണ് എന്നറിയ ണം. ആദ്യമായ് നിനക്ക് എന്നെ ഇഷ്ട മാണ് എന്നു പറഞ്ഞപ്പം ആണ് എന്റെ ഹൃദയത്തിൽ സൂക്ഷിച്ച കിളിക്കു ജീ വൻ വച്ചത് ....

അവളെയൊ ,അവനെയൊ കാണാ തിരിന്നാലുള്ള നെഞ്ചിടിപ്പു .

നിന്നെ ബസ്സ് സ്റ്റോപ്പിൽ കാത്തു നി ന്നപ്പം ആണ് പ്രകൃതിക്കിത്ര സൗന്ദ ര്യം ഉണ്ടെന്നറിഞ്ഞ്.

നമ്മൾ ഒരു മിച്ചു മഴ നനഞ്ഞപ്പം മാത്രമാണ് മഴയുടെ സംഗീതം ഞാൻ ആസ്വദിച്ചത് .... പ്രണയം വ്യക്തികൾ തമ്മിൽ ആകണമെന്നില്ല. പ്രകൃതി യോട് , എല്ലാ ജീവജാലങ്ങളോടും , മ ണ്ണിനു പുല്ലിനോട് . കടൽ തിരകൾക്ക് തീരത്തോട്, വണ്ടിനു പൂവിനോട് , താമരയ്ക്ക് സൂര്യനോട് , പ്രണയം എ ന്തിനോടും തോന്നാം. ഒന്നിനു മറ്റൊ ന്നി നോടു തോന്നുന്ന പ്രണയം വാ ക്കുകളിൽ വർണ്ണിക്കാനാവുന്നതിനപ്പു റം ..... പ്രണയമാണ് എല്ലാത്തിനും നി ദാനം. മനുഷ്യരാശിയുടെ നിലനില്പു പോലും പ്രണയത്തിലധിഷ്ഠിതമാണ്


നീയെന്നൊ ഞാനെന്നോ വേർതി രിക്കാനാവാത്ത ദിവ്യാനുഭൂതിയാണ് പ്രണയം . പ്രണയത്തെ വർണ്ണിക്കു വാൻ വാക്കുകൾ പോരാ.....

ദിവ്യമായ പ്രണയ ദിനത്തിൽ പു തുതലമുറക്കായ് .... പ്രണയം രണ്ടു ഹൃദയങ്ങൾ തമ്മിൽ ഉണ്ടാകുന്ന ദി വ്യാനുരാഗമാണ്. പ്രണയിനിയുടെ ജീ വൻ എടുക്കലല്ല പ്രണയം . പ്രണയി നിയെ ഹൃദയത്തോട് ചേർത്തു വെക്ക ലാണ് പ്രണയം .......

ഒപ്പം ജീവിക്കാൻ പറ്റുന്ന ഒരാളെ ക ണ്ടെത്തുന്നതല്ല പ്രണയം.. ഒരു നിമി ഷം പോലും പിരിഞ്ഞിരിക്കാൻ പറ്റാ ത്ത ഒരാളെ കണ്ടെത്തുന്നതാണ് യ ഥാർഥ പ്രണയം..

പുസ്തക പരിചയം

# ഉപ്പാന



ശിവശങ്കരൻ കരവിൽ

വടകരയിലെ മനുഷ്യർക്ക് വല്ലാത്തൊരു വശ്യതയുണ്ട്. സാമൂതിരിയുടെ നേരിലാണ് അവർ ജീവിക്കുന്നത്. തന്റെ മുന്നിൽ ചരിത്രം കോട്ടയായി മാറുമ്പോൾ കവിതകൾ ഹരിഗീതത്തിന്റെ പുറത്തേക്ക് പതിക്കുന്നു രാധാകൃഷ്ണന്റെ കയ്യും വിട്ട്. അതങ്ങനെ അപ്പുറക്കടവും താണ്ടി കുറ്റ്യാടി വരെ ഒഴുകിയെത്തും. ചാനിയംകടവ് പാലത്തിൽ കേറി ചെക്കൻ അച്ഛനോട് ചോദിക്കും :

അച്ഛനീ പുഴ നീന്തിക്കടന്നിട്ടുണ്ടോ പണ്ട്.. എന്ന്!

ലച്ചിമി ടീച്ചറെ നുള്ളേണ്ട്
കൈത്തണ്ട മുറിഞ്ഞു ചോര വന്നിക്കി
എന്നു മലയന്റെ വളപ്പിൽ ചാത്തു പറയും ശങ്കിക്കാതെ..!


ഇമ്മാതിരി നാട്ടുശുദ്ധങ്ങളുടെ നട നൂണാണ് ടി പി രാധാകൃഷ്ണൻ എന്ന കവിയുടെ ഉപ്പാന പുറപ്പെടുന്നത്.

തിരുവള്ളൂരും പേരാമ്പ്രയും പുറമേരിയും തഴുകുന്ന കാറ്റ് പിഷാരിക്കാവും കടന്നു കൊയിലാണ്ടിയിലെത്തുമ്പോൾ രാധാകൃഷ്ണൻ സർവ്വ ചടപ്പുകളും വിട്ട് എഴുന്നേൽക്കുന്നു. ഉള്ള്യേരിയും കക്കട്ടിലും കല്ലാച്ചിയും കൂരാച്ചുണ്ടും നെഞ്ചേറ്റുന്ന കവിയാവുന്നു. കവിതയുടെ കാട് കവിയുടെ നെഞ്ചിലെ കൂടാണ്. യാമം മുറിഞ്ഞു മിഴിയിറ്റിച്ച കണ്ണീരാണ്. ഇയാൾ ഒരു ലങ്കയാണ്.

നോക്കൂ ഈ കവിതയുടെ എടുപ്പ് :

കാണാത്തവ കാണുന്ന
കുഞ്ഞുറുമ്പു
തൊട്ടനേകകോടി ജീവജാലങ്ങൾ
സംവത്സരങ്ങൾ
പിന്നിട്ടൊരു പോള
കണ്ണടയ്ക്കാതെ
എഴുതിയ
കവിതയ്ക്കു പേരാണ് കാട്
(കവിതക്കാട്)

ആരണ്യകം വിട്ടു വഴി മാറി വന്ന ഒരാന ആഴിയോട് കടം പറയുന്നുണ്ട്. ഉപ്പു പുതച്ചു കൊണ്ട് ഉറക്കം പോവാത്ത ജീവനെ




കടലിലേക്ക് തീറെഴുതി കൊടുക്കുന്നുണ്ട്.

ഉപ്പാന അങ്ങനെ ഒരു നിർമ്മിതിയാണ്.

വെട്ടി വെട്ടി തെളിച്ച
കാടിന്റെ ഇല്ലായ്മയിൽ
നിന്നൊരു കാട്ടാന
കാപ്പാട് കടപ്പുറത്ത്
മറ്റൊരു മുദ്ര ചാർത്തി
........
ഉപ്പുപാടുകൾ കുഞ്ചിയിൽ ഒട്ടിയ ഉപ്പാന
നാളെ കൂട്ടമായ്
കടൽ കാണാൻ വരും, തീർച്ച
(ഉപ്പാന)
പുഴവക്കിലിരുന്ന് ഭഗവതിമാർ ഉപചാരം

ചൊല്ലി പിരിയുന്നുണ്ട് കവിയുടെ നാട്ടു പുറങ്ങളിൽ. കടലുണ്ടിയിൽ പേടിയാട്ടമ്മയ്ക്ക് അങ്ങനെ ഒരു പതിവുണ്ട്.

ഇവിടെ രുചി തീർത്ഥമായി തോന്നുന്ന വ്യംഗ്യം കാണൂ.

ഒരു നീന്തിന് മറുപുറം തൊട്ടു കളിക്കുന്നുണ്ട് ചെപ്പോടം കോരിക്കുടിക്കുന്ന നീട്ടുനാവുകൾ.

ഗതി ബലിയ്ക്കു മാത്രമല്ല, നക്ഷത്രക്കൂട്ടങ്ങൾക്ക് കൂടിയാണ്.

ആത്മാവിനെ വെയിലത്തിരുത്താൻ വയ്യ രാധാകൃഷ്ണന്.

ഈ രചന ദൃഷ്ടാന്തം...

പാറയ്ക്കൽ ഭഗവതി
ഇരുകാലും കഴുകും പുഴ
അവർക്ക് തീർത്ഥം..
കോട്ടച്ചാലിൽ ഭഗവതി
ഉറഞ്ഞു തുള്ളി
*തണ്ടാന്റെ കൈ പിടിച്ചോടി
കോരികുടിക്കും തീർത്ഥം
അവർക്ക് പുഴ
(തീർത്ഥപ്പുഴ)

ഒരു ചിരിയും ശീതത്തിന്റെ മടി മൂടാറില്ല. ഓട്ടക്കവിളികളിൽ പൂക്കാലം അന്യം നിൽക്കും എന്ന ബോധ്യം ശലഭത്തെപ്പോലെ  കവിക്കുമുണ്ട്. അതാണല്ലോ പൂക്കാത്തത്തിന്റെ വേവലാതി ഇങ്ങനെ കത്തുന്നത്!

തണൽ വിരിപ്പതുണ്ടെങ്കിലും
പൂവിടാൻ മറന്ന ചെടിയിൽ
വസന്തം ആത്മഹത്യ
ചെയ്തൊരു കൊമ്പിൽ
കിളിയില്ല വണ്ടില്ല
ചിത്രശലഭച്ചിറകടിയൊന്നുമേയില്ല
(പൂവിടാൻ മറന്ന ചെടി)

ഒരു ദോഷത്തിനും നിൽക്കാത്ത കിട്ടന് നെറ്റിയിലും തലയിലും കല്ലേറ് കൊണ്ടു മുറിയുന്നുണ്ട്. എല്ലാ ദ്രോഹവും ചെയ്യുന്നയാൾ മാളികയിൽ സുഖവാസത്തിലും. നിമിത്തം കൊണ്ട് കിട്ടൻ ഭ്രാന്തനാണല്ലോ. ഭ്രാന്തന് ഏതു കയറും കഴുത്തിന് പാകം എന്ന ദർശനം...

കവിത : ഭ്രാന്തൻ കിട്ടനും മറ്റു ചിലരും.

ശൂന്യം എന്നത് പെറ്റിട്ടയാൾ പോയി എന്നറിയുമ്പോൾ മാത്രം സ്വാദ് നോക്കുന്ന ഒന്നാണ്. അവിടെ പിന്നെ അമൃതിനും കയ്പ്പേ കിട്ടൂ. അമ്മ അവശേഷിപ്പിച്ചു പോയ മധുരം കവിക്ക് നന്നായി അറിയാം.

അതാണ് ഇനി പറയുന്ന വരി :

അമ്മയില്ലാത്തവന്റെ വായിൽ
ശർക്കരയിട്ടാൽ
നാവ് അതിനെ പുളിപ്പിക്കും
(അമ്മയില്ലാത്തവൻ)

കടൽ ഒരു യുദ്ധഭൂമിയാണ്. സ്വസ്ഥതയുടെ താളം തരാത്ത സമുദ്രതീരത്ത് തന്നെയാണ് സങ്കടം കഴുകാൻ നമ്മൾ ഓടിയെത്തുന്നത്.

വൈരംമൂത്ത വിചാരങ്ങളുടെ സൂത്രപ്പഴുതിൽ പാപം വേവിക്കുന്ന രീതി ഇങ്ങനെ ഒരു വരിയിലേ വാരിത്തൂവൂ കേവലം ഒരു മനുഷ്യൻ.

ഒറ്റസമുദ്രത്തിൽ
നീ ഒളിപ്പിച്ചത്ര
ഒരു കരയും
ഒളിപ്പിച്ചിട്ടുണ്ടാകില്ല
(കടലേ)

പ്രണയം അതിന്റെ പ്രസരണകാലം കഴിഞ്ഞു മുണ്ടും കുടഞ്ഞു പോവും എന്ന് പ്രതീക്ഷയുടെ ചന്തയിൽ നാളേക്ക് പാകത്തിന് ഉറി തൂക്കാത്ത ശരാശരിക്കാർക്കൊക്കെ അറിയാം.

എങ്കിലും എന്ന വാക്കിന് ഒരു ചിലമ്പിന്റെ ഒച്ചയുണ്ട്.

ആ ചെറു ശ്വാസത്തിലാണ് ഇഷ്ടത്തിനു പായിട്ടു നമ്മൾ കുനിഞ്ഞിരിക്കുന്നത്..

ഈ വരികൾ നോക്കൂ :

ഒരാൾ പിരിയുമ്പോൾ
അയാളുടെ ഓർമ്മകൾ
പുതച്ചുറങ്ങലാണ് പ്രണയം
(സമയം)

മനസ്സിൽ എക്കാലവും സൂക്ഷിച്ചു വെക്കാൻ പാകത്തിൽ മൂത്തു പഴുത്ത ഇത്തരത്തിലുള്ള ഒട്ടേറെ കവിതകൾ ടി പി രാധാകൃഷ്ണൻ നമുക്ക് സമ്മാനിക്കുന്നു.

ഡോ പൂർണ്ണിമ സി സി യുടെ ഒടുക്കക്കുറി അസ്സലൊരു പഠനം തന്നെയാണ്. സജയ് കെ വി യുടെ മുൻകുറിയിൽ കവിത നോട്ടപ്പെടുന്നു.

ഗ്രീൻ ബുക്സിന്റെ പുസ്തകത്തുന്ന് മാതൃകാപരം...





റസിയ പയ്യോളി

# ഒരു പരുവിന്റെ കഥ

പുഴ വക്കിലെ ഏകാന്ത മൂലയിലിരുന്ന് വെള്ളാരം കല്ലുകൾ കണ്ടപ്പോഴാണ് അവളെ കുറിച്ചൊരു കഥ എഴുതണമെന്ന് തോന്നിയത്.

ചിലതൊക്കെ തോന്നി തുടങ്ങിയാൽ ചെയ്യാൻ വല്ലാത്തൊരാർജ്ജവമാണെനിയ്ക്ക് ഭാവിയെന്താകും എന്ന ചോദ്യം എപ്പോഴും എന്റെ മുന്നിലുണ്ട് കാരണം വയസങ്ങനെ 37 കഴിഞ്ഞല്ലോ. പ്രാണൻ പറിച്ചു കൈയിൽ തന്ന വ്യക്തി അതും ഒരു പെണ്ണാണങ്കിൽ പറയാനുമില്ല. പെണ്ണിനോട് വലിയ സ്നേഹവും ബഹുമാനവുംവെച്ച് പുലർത്തുന്ന ഒരാളും ഞാൻ.

ചുരുക്കം ഞാനിപ്പോഴും അവൾക്ക്മീതെ വട്ടമിട്ട് പറക്കുന്നു..എന്നാൽ അവളെ ഓർത്ത് തുടങ്ങുമ്പോഴൊക്കെ കൈ വിറച്ചുകൊണ്ടി രുന്നു.എത്ര പരിശ്രമിച്ചിട്ടും അവളുടെ ഒരുചിരി ഓർത്തെടുക്കാൻ കഴിയുന്നില്ല.ഞാനവളെ അത്രയേറെ വേദനിപ്പിച്ചത് കൊണ്ടാവാം.ഇനി ഓർമ്മ വന്നാൽ തന്നെ മനസിൽ അസ്വസ്ഥത.ചെമ്പരത്തി പൂവുമായി നിറചിരിയാലെ വന്ന ദർശന മാത്രമാണിന്ന് ചിന്തയിൽ ..അവളെയോർമ്മ വരുമ്പോൾജീവിതത്തിന്റെഭാഗമായ ചെണ്ടയിൽ കൊട്ടുംഇടറി നിന്നു പോയിട്ടുണ്ട്എല്ലാം ഭേദിച്ച് കടന്ന്വരുന്ന ഒരിഷ്ടം കൊണ്ട് പൊറുതിമുട്ടിയിരിക്കുന്നു ഞാൻ.വാർധക്യത്തിന്റെ അവശതയുമായി നിൽക്കുന്നൊരാളെ പോ

ലെയാണ് അവളെനിയ്ക്കിന്ന്.വർഷം അഞ്ച് കഴിഞ്ഞ്രണ്ടാഴ്ച മുമ്പാണ് മൊയ്തീനിക്കഎന്നോട് പറയുന്നത് സോഡാ തെരുവിലിരുന്ന് അരളി പൂവുമായ്വന്ന് ഒരു പെൺകുട്ടി പത്മേഷിനോട് പ്രണയാഭ്യർത്ഥന നടത്തിയിരുന്നൊ അപ്പഴേക്കും ആകരച്ചിൽ എന്റെ ചെവിയിലേക്കലച്ചിരുന്നു.

മൊയ്തീനിക്കാ അരളി പൂവല്ല ചെമ്പരത്തിപൂവ് എന്ത് തന്നെ ആയാലും ഒരു പെണ്ണ് ഇഷ്ടാന്ന് പറഞ്ഞ് തെർന്ന ഏത് പൂവിനും അത്തറിന്റെ മണാ എല്ലാം കടന്ന് പ്രണയം മിടിക്കുന്നത്അയ്ന്റുള്ളിലാ.

എന്താ ഇപ്പൊ ഇങ്ങനെ പറയാൻ.

ഞാനാ കൈയിൽ പിടിച്ചു.

മുഖം കണ്ടാൽ പേടിക്കും അത് കൊണ്ടാ അങ്ങനെ ചോദിച്ചത്. ബാക്കി അറിയാൻ ഞാൻ വല്ലാതെ കൊതിച്ചു.മുഖവുരയില്ലാതെ ..ഇട്ടിട്ടു പോകല്ലേ എന്ന് പറഞ്ഞവൾ എത്രയോ കരഞ്ഞിട്ടുണ്ട്.ല്ലേ മോനേ ?

പാവം പെങ്കുട്ട്യേള കരച്ചല്വല്ലാണ്ട് മനസ് കൊള്ളും.അതെ ഇക്കാ.. അവളുടെ വാക്കുകൾക്കിടയിലെ തേങ്ങലും ഗദ്ഗദങ്ങളും മിന്നൽ പിണറായി ഓർമ്മയിലേക്ക് വന്നപ്പോൾകുറ്റബോധം കൊണ്ട് ഞാൻ ഉരുകിതീരുകയാണ്. മൊയ്തീനിക്കാ ഒരു മുന്നറിയിപ്പും ഇല്ലാതെ എന്താ ഇപ്പൊഇങ്ങനെ ഒരു ചോദ്യമൊക്കെ എന്താ എന്റെ പേരിലെന്തെങ്കിലും .. ഉണ്ട് മോനെ നീ കാരണം ഒരു പെൺകുട്ടി ഒന്നുമല്ലാതെ ഒരു ജന്മംപാഴായി പോയി കൊണ്ടിരിക്കുന്നു.കണ്ടു നിൽക്കാനാകുന്നില്ല. നിന്നെയോർത്ത് ഉരുകിതീർന്ന മനസ്തകിടം മറിഞ്ഞു. രക്ഷാധികാരഭാവം പൂണ്ട ഒരു നല്ലമനുഷ്യനെ എന്നിലവൾ കിനാവ് കണ്ടു.ഞാൻ വായിച്ചു. സ്നേഹിക്കണോന്ന്പറഞ്ഞവൾ കെഞ്ചിയത് നിന്നോട്ടുള്ളഅടക്കാനാവാത്ത സ്നേഹം കൊണ്ടാത്രുന്നു.

അവസ്ഥ മോശാമോനേ. അപ്പഴേക്കും ഒരു സിനിമാലൊക്കേഷനിലേത് പോലെ ആ കാഴ്ച്ചഎന്നെ കൊണ്ടുപോയി. വിവാഹംവേണ്ടാന്ന് വെച്ചതിന് ഒരു ഒരു കാരണവുമില്ലെന്നാണ് അവൾ ആദ്യം പറഞ്ഞത് ഒരു മാസം മുമ്പാണ് അമ്മയോട് എല്ലാം പറഞ്ഞത്. അന്ന് എന്റെ മനസിൽ ഒരുപെണ്ണി നോടും പ്രണയം തോന്നിയിട്ടില്ല.

പ്രണയാഭ്യർത്ഥനയുമായ് വന്നവളെതിരസ്കരിച്ചു അത്രയേഉള്ളൂ കാരണം എന്റെ അന്നത്തെ മാനസികാവസ്ഥ അതായിരുന്നു.ചെണ്ടകൊട്ട് അമ്പലങ്ങൾ അങ്ങനെമുഴുകിയ ജീവിതം ഒപ്പം പ്രാരാബ്ധവുംഅവളുടെ നടപ്പിലെ താളം ചിരിയിലെ മേളവും സിന്ദാബാദ് വിളിയുംഎല്ലാം ഭേദിച്ച് കടന്ന് വരുന്നു.ചുരുക്കംഒരു തെറ്റും ചെയ്യാതെ ഞാൻ പ്രതിപ്പട്ടികയിലായി. സഹിക്കാനായില്ല.ഒന്നോർത്ത് നോക്കണം ഒരു പെണ്ണ്എന്നെ സ്നേഹിച്ചു ഞാനറിയാതെ അതാണ് ഞാൻ ചെയ്ത തെറ്റ്ചെണ്ടയും കോലുമായി അടുത്ത ചെണ്ടമേളം കിനാവ് കണ്ട് നടക്കുമ്പളാ മൊയ്തിനിക്ക അങ്ങനെ തോണ്ടി തോണ്ടി അക്കഥപറഞ്ഞ് തൊടങ്ങ്യത് ..

ന്റെ മോനെ പൊയ്തേലെ കരുണാകരന്റെ മോള് ദർശനനിന്നെയോർത്ത് മറ കൊടേൻെറുള്ളില് കഴിയ്ന്നത് കൊല്ലംഅഞ്ചായ്ല്ലെ.മോനെ ഓക്ക് ചൊവ്വാദോഷോന്നൂല്ല.അതൊക്ക ഓല് പറയ് ന്നതല്ലെ. ന്റെ മൊയ്തിനിക്കാ ങ്ങളെന്താ ഇപ്പറയ്ന്നെ. ഞാനെന്ത് പറയാനാഒക്കെയും നിക്കറിയ ചെണ്ടകൊട്ട് കാരനെ മനസില് കൊണ്ട്നടന്ന് ഉരുകി തീർന്നതാ ഓള്.

ഈശ്വരാ. ഞാൻ പിടഞ്ഞു ക്യാൻവാസിൽ നെഞ്ച് പൊട്ടി കരയുന്ന ദർശനത്തെട്ടലിനിടയിൽ ചെണ്ടയും കോലുംതാഴെ വീണു.പെൺകുട്ടിയും സോഡാ തെരുവുമൊക്കെ ന്റെ മനസിലേക്ക്കൊടുങ്കാറ്റായ് ആഞ്ഞടിച്ച് വന്നു. ഞാൻ ജീവന് തുല്യം സ്നേഹിച്ച് കൊണ്ടു നടന്നിട്ടും രമ്യ എന്നെ ചതിച്ചു. വേണ്ടാന്ന് പറഞ്ഞ് അവഗണിച്ചിട്ടും എന്നെയോർത്ത് നീറി നീറി കഴീന്ന് ദർശന.ഇതിൽ ഒരുവൻ ചോദ്യമുണ്ട് ആചോദ്യത്തിന് നേരെയാണ് ഞാൻ നടക്കേണ്ടത്.അതായത് ദർശനയ്ക്കടുത്തേക്ക്.എല്ലാം കേട്ട് മനസ് പല വഴിക്കോടുന്നു.കുറ്റബോധം കൊണ്ട് പിടയുന്നു. ഇതിൽ ആരാണ് എനിയ്ക്ക് പാഠമാകുന്നത്.. ?

ചോദ്യങ്ങൾ എന്നോട് തന്നെയാത്രുന്നുന്റെ മോൻ ഒന്നും പറയണ്ടആ പാവത്തിനെ ഇനി കരയ്ക്കരുത്ഈശ്വരാ ഞാനെന്തൊരു പഹയൻ നിയ്ക്ക് വയ്യ.അഞ്ച് കൊല്ലത്തെ വേദന എത്ര കിലോ കണക്കിനിണ്ടാക്കും എത്രയായാലും ന്റെ തലേലാ അത് മുഴുവനും കെടക്ക്ന്നത് അതൊറപ്പാ. സത്യമറിഞ്ഞപ്പോൾ അവളെയോർത്ത്പിടയുന്ന മനസുമായി ഞാൻ ഉരുകിഎനിക്കിന്ന് 35വയസ് ചെണ്ട കൊട്ടുമായ് ഉത്സവ പറമ്പുകളിലും മറ്റുംമേഞ്ഞ് ജീവിതത്തിന്റെ മുഖ്യ മായ വിവാഹം തട്ടിമാറ്റിയിരുന്നു ഞാൻ. എന്താണെന്നറിയില്ലവിവാഹ ജീവിതത്തോട് ഒട്ടും താൽപര്യമില്ലായിരുന്നു.അത് ഒരു അ

മ്പലവാസിയായത് കൊണ്ടുമല്ല.കുടുംബ പരമായ ഉത്തരവാദിത്വവുമല്ല.രമ്മ്യ എന്നെ ചതിച്ചത് കൊണ്ട് മാത്രംഅത്രയേറെചെണ്ട കൊട്ടിനോടുള്ള പ്രിയം കൊണ്ട്ആവേദന സൈഡിലേക്കൊതുക്കി.കാര്യമെന്തായാലും ദർശനനിന്നെയോർത്ത് കഴിയുകയാണെന്ന്പറഞ്ഞറിഞ്ഞ നിമിഷം മുതൽ ഞാൻ വേറൊരു മനുഷ്യനായ് മാറി. എന്നെ ജീവന് തുല്യം സ്നേഹിക്കുന്നഒരു പെൺകുട്ടി കാണാമറയത്ത്എന്നെ കാത്ത് കിടപ്പുണ്ട്.ഉള്ളിൽ ഒരുശ്രീകോവിൽ അവൾക്കായ് പണിതു.ഉറക്കില്ല ഭക്ഷണം ജീവിക്കാൻ വേണ്ടിമാത്രം.ഈ വൈകിയ വേളയിൽഅവളെ ചെന്ന് കണ്ട് എന്റെ ഇഷ്ടം അറിയിക്കണമെന്ന വല്ലാത്ത മോഹത്തിന്റെപൊറുതിമുട്ടലിലിരിക്കുമ്പോഴാണ് ഞാൻ കൊളവക്കിൽസനൽ രാജയുടെ വീട്ടിലെത്തുന്നത്.

കുറ്റബോധം കൊണ്ട് അപ്പഴേക്കുംപരിക്ഷീണനായിരുന്നു ഞാൻ. രാജയാണ് എന്റെ ഏറ്റവും അടുത്ത സുഹൃത്ത്അതിരാവിലെ തന്നെഎന്തിനാടാ നീ വന്നത്.എന്താടാ നിനക്ക് പറ്റിയത്? ന്റെ മനസ് ദർശനയെപറ്റി ചിന്തിച്ച് ഉരുകി തീർന്ന്ഒരിക്കൽ പ്രണയിച്ച് പോയതിന്റെ പേരിൽ തിരസ്കരിച്ചിട്ടും എന്നെയോർത്ത് കഴിയുന്നവൾ ഓളപറ്റി ചിന്തിച്ച് ഭ്രാന്തനായ്ക്ക്ഞാൻ. ന്റെ രാജാചെലപ്പൊ ന്റെ മനസിന്റെ അട്ടിമറിയുംഞ്ഞിന്നോക്കിക്കൊ.അതെ നിൽക്കപ്പൊറുതി ഇല്ലാണ്ടായിരിക്ക്ന്ചിന്തിച്ച് തൊടങ്ങ്യപ്പഴാ നിക്ക് ഉത്തരംകിട്ട്യത്.ഈ അവിവാഹിതന്റെ ജീവിതത്തിന് മുന്നിലൂടെ അഞ്ച് പെണ്ണുങ്ങൾ കടന്ന് പോയെങ്കിലും മുഖം കൊടുക്കാതെ തല താഴ്ത്തിയിട്ടു.

നിത്യവിസ്മയമായ രമ്മ്യയും ചതിച്ചു.അവഗണനയേറ്റ് നടന്ന്പോയ ദർശന ഇന്ന് ചങ്കിൽ കിടന്ന് പെടച്ച് തൊടങ്ങീയ്ക്ക് ഇടക്കിടെഇടിമിന്നലായ് മാറി കൊണ്ടിരിക്കുന്നു.മുഖവുരയില്ലാതെ എന്തൊക്കെയൊഞാൻ പറഞ്ഞു.നിയ്ക്ക് ദർശനേനകൈട്ടണംഇഷ്ടപ്പെട്ട് പോയ പുരുഷന് ഒരു പൂ കൊടുത്ത് നിരസിച്ചതിന്റെപേരിൽ ഒരു ജന്മംതന്നെ കരഞ്ഞു തീർത്ത ഒരു പെൺകുട്ടിയുടെ അത്യപൂർ വ്വമായ ജീവിത കഥ പുറം ലോകത്തെത്തുമ്പോൾ ലോകത്തിന്റെ താളിലാണ്അടയാളപ്പെടുത്തുക ല്ലേടാ ? ഞ്ഞി ഇന്ന ഓരോന്ന് പറഞ്ഞ് വേദനിപ്പിക്കല്ലെടാ..

രാജ പൊട്ടി ചിരിച്ചു. ദർശനയുടെ പ്രണയവും കാത്തിരിപ്പും വിസ്മയാവഹമാണ് അത് കൊണ്ട് പറഞ്ഞ് പോയതാ. ല്ലെ അത്ഭുതപ്പെടാനില്ലെ? എന്നിട്ടും അവൻ ചോദിച്ചു. പുരനിറഞ്ഞ് നിൽക്കുന്ന രണ്ട് പെങ്ങന്മാർ വീടില്ല അച്ഛന്റെ തണലില്ല അങ്ങനെയുള്ള ഒരാൾക്ക് എങ്ങനെയാ ഒരു പെണ്ണ് ജീവിതം അതൊക്കെസ്വപ്നം കാണാൻ പറ്റുന്നെ? ദർശനമദ്രാസിൽ വിവാഹ ജീവിതം നയിക്കുകയാണെന്ന ധാരണയിലായിരുന്നു ഞാൻദർശന നാട്ടിൽ തിരിച്ചെത്തി എന്നറിഞ്ഞ നിമിഷം മുതൽ നിയ്ക്ക് ഒരു സമാധാനോം ഇല്ല. സമാധാനിക്കെടാ. ആ ആശ്വാസവാക്കവൻ പറഞ്ഞത് ഒരു പാട് ചിന്തിച്ചുകൊണ്ടാണ്.

കാരണം നിരാശപ്പെടുത്തിവിട്ട ഒരു പെണ്ണിന് മുന്നിലേക്കാണല്ലൊ പോകേണ്ടത്.ചെണ്ടകൊട്ടിൽ ജീവിതം ഒതുക്കിയ എന്നെ എത്ര പെട്ടെന്നാ ദർശന പിടിച്ചുലച്ചത്.പ്രണയത്തിന്റെ തീഷ്ണത ഇത്രയുമാണ് ല്ലേ?അത് പിന്നെ മ്മക്ക് വേണ്ടി ഒരു പെണ്ണ്കാത്തിരുന്നെങ്കിൽ അതിൽ തന്നെഒക്കെ ഇല്ലെടാ..ഞ്ഞൊന്ന് ചിന്തിച്ച്നോക്ക്.നിയ്ക്ക് ദർശനേന കാണണം എന്നിറ്റ് ഓള പിന്നും കരയിക്കണം ല്ലേ?

നിന്നെ കാണുന്നതും കാണാതിരിക്കുന്നതും രണ്ട് തരത്തിലുള്ള മാനസികാവസ്ഥയാ. എന്ന് വെച്ചാൽ?കണ്ടാൽ അവളുടെ നിയന്ത്രണം പോകും പിന്നെ അവൾ ജീവിക്കുമൊഎന്ന് തന്നെ സംശയംകാണാനുള്ള കടലോളം ആഗ്രഹംഉള്ളിലൊളിപ്പിച്ച് വിദൂരതയിൽ ജീവിച്ച് അവസാനം ഒന്നിക്കാനായ് ഓടിയെത്ത്ന്ന പ്രണയിനികളുടെ കഥ കേട്ടിട്ടില്ലെ.ന്റെയും ദർശനന്റെയും കഥഅങ്ങനയായ് രിക്കുംഈ ചെണ്ടകൊട്ടുകാരന്റെ സാഹിത്യത്തിൽ മെഴുകിയവളുപ്പൻ തമാശ കേട്ട്രാജ പൊട്ടി ചിരിച്ചു എന്നാലും ന്റെപത്മേഷ് ഈ സാഹിത്യമൊക്കെ നീഎങ്ങനെ പഠിച്ചു? അതൊക്കെ ൻെറ മണ്ടേല് എത്ര ഇണ്ട്ന്നാ ഒരു വെള്ളികാമുകനായി ഞാനും ചിരിച്ചു. ന്റെ ജീവിതത്തിലേക്ക് ദർശനേന കൈപിടിച്ച് കൊണ്ടു വെരണംഅപ്പൊ ചെണ്ടകൊട്ടിലും ശ്രീകോവിലിലും ഒതുങ്ങി പോയ ആഅമ്പലവാസി?

ആകെപാടെ മാറാൻപോകുന്നു ഒരു സൂപ്പർ കാമുകന്റെവേഷത്തിൽ ആടി തകർക്കണം. അതൊക്കെ ഞാൻ എന്നെ ആശ്വസിപ്പിക്കാൻ പറഞ്ഞ വാക്കുകളായിരുന്നു..അപ്പൊ ന്നിറ്റും കെട്ടണോന്ന് പറയ്ന്നില്ല.കാമുകനായി നിർവൃതികൊള്ളിക്കണം.പിന്നെ ഭർത്താവാകണം അതാ പറഞ്ഞെ.തിങ്ങിനി

റഞ്ഞ് നിൽക്കുന്ന മരചുവട്ടിലൂടെഞ്ഞങ്ങൾ നടക്കുന്നു.നെഞ്ചിൽ തീഉള്ളിൽ ഒരു പാട് ചോദ്യങ്ങൾ.മനസിൽ ദർശന മാത്രം.ചെണ്ട യുംകോലും കൈയിൽ മുറുക്കി പിടിച്ചി രിക്കുന്നുഓട് മേഞ്ഞ ഒരു നല്ല കുഞ്ഞു വീ ട്നടുമുറ്റത്ത് ഒരു തുളസിതറ നടപ്പാതയു ടെ വടക്ക് ഭാഗത്ത് അയല് നിറയെ വസ്ത്ര ങ്ങൾ ഉണക്കാനിട്ടിരിക്കുന്നു. അതിലൊരു നിറം മങ്ങിയ സാരി അത്ന്റെ ദർശനേന്റെ താണെന്ന് നിയ്ക്ക്തോന്നി.മരചില്ലയിൽ കു യിലിന്റെ നിർത്താതെയുള്ള സ്വരരാഗം.ദർ ശനയെ കാണാനെത്തിയ പോലെ കുറേ പ ക്ഷികൾ.

വീടിനുമുന്നിൽ വലിയൊരു മുറിപ്പാടും ഞാൻ കണ്ടു.തൊട്ടപ്പുറത്ത്ന് ഒരമ്മച്ചി കൗ തുകത്താലെ ഒരു വായനാ നോട്ടംനോക്കി മുറ്റത്തെ പൂക്കളത്തിൽനിറയെ നാടൻ പൂ ക്കളമായിരുന്നു. കാര്യമെന്തൊയാലും എന്റെ നെഞ്ച്വല്ലാതെ മിടിച്ചു.മുറ്റത്തേക്കുള്ള ന ടപ്പാതയുടെ ഇരുവശങ്ങളിലും കോസ് മസ് പൂക്കളും ചെട്ടിയും നെറഞ്ഞ് നിന്നു.

അതൊക്കെയും നിയ്ക്കണിയിക്കാനായി ദർശന നട്ടുവളർത്തിയ പൂക്കളാണ്. ഒരു സ്ത്രീവന്ന് എത്തി നോക്കിയപ്പോൾഉമ്മറ മു റ്റത്തേക്ക് നടന്ന് വരുന്നഞങ്ങളെ കണ്ടു.അ വർ അകത്തേക്ക് പോയി ആ മുഖത്ത്എ ന്തൊക്കെയൊ സങ്കടം. സാരിയിൽ തലയും ദേഹവും ആകപ്പാടെ മറച്ചുകൊണ്ട് നിറം മങ്ങിയവെളിച്ചത്തിൽ ഒരു സ്ത്രീ ഉമ്മറ ത്തെബെഞ്ചിലിരുന്ന് പത്രം വായ്ക്കുന്നു.തി രമാലകണക്കെ ഞാൻ ഓടി ചെന്ന്ദർശനാ ആ വിളി കേൾക്കാൻഅവൾക്ക് കഴിഞ്ഞില്ല. പത്രം താഴ്ത്തി കൈയിലിരിക്കുന്ന നോട്ട് ബുക്കിന്റെ പേജവൾ മറിച്ചു കൊണ്ടേയിരു ന്നു.അടുത്തെത്തിയപ്പോഴാണ്പത്രത്തിൽ നോട്ട് ബുക്കുണ്ടെന്നത്അറിയുന്നത്.ഉടുത്തി രിക്കുന്ന ചാരകളർസാരിയുടെ മുന്താണി ന നഞ്ഞു കു തിർന്നിരുന്നു. മുമ്പെങ്ങാണ്ട് കു മിഞ്ഞുകൂടിയ മേഘങ്ങൾ പെയ്തിറങ്ങു കയാണൊ? ദർശനാ ഞെട്ടലോടെ മുന്നിൽ ഇരുട്ടി കിടക്കുന്ന മേഘങ്ങളെ തട്ടിമാറ്റി അ വൾ എണീറ്റ് നിന്നു.. അകത്ത്സംസാരിച്ച ആൾ ഉമ്മറത്തേക്ക് വന്നു. വിറയലിൽ നോ ട്ട് ബുക്ക് നിലത്ത്വീണു.

താളിൽ നീല മഷിയിൽ ചരിച്ചെഴുതി യഅക്ഷരങ്ങൾ എന്നെ തെരയുകയാണെന്ന് തോന്നും.നിക്ക് ങ്ങളെ പെര്ത്തിഷ്ടാഅങ്ങ നെ ഒരു പെണ്ണിനെയും ഞാനിഷ്ടപ്പെടുന്നി ല്ല.എന്ന് പറഞ്ഞ് വെച്ച്നീട്ടിയ ചെമ്പരത്തി പ്പൂവ് തട്ടി മാറ്റി അവഗണിച്ചത് എന്തിനായി രുന്നു.ന്റെ ചെണ്ടകൊട്ടിൽ ആകൃഷ് ടയാ യി ഒന്നര കൊല്ലം കൊണ്ട് നടന്ന് പൊറു തിമുട്ടിയപ്പോഴാണ്..

ഞാനൊരു ചെണ്ട കൊട്ട് കാരനാണ് നേ രം നോക്കാതെപല ദേശങ്ങൾ താണ്ടുന്നൊ രാൾ എന്തിനായിരുന്നു ഞാനാ പെൺകു ട്ടിയെ തിരസ്കരിച്ചത്നിഷ്കളങ്കയായ ആ പെൺകുട്ടിയെ ഞാൻ തനിച്ചാക്കിയത് എ ന്തിനായിരുന്നു? ചോദ്യങ്ങൾ എനിയ്ക്ക് നേ രെ ആഞ്ഞടിച്ച് വന്നു.പാറിപ്പറക്കുന്ന തല മുടി നീക്കി അവൾ ഒന്നു നോക്കി ഏതൊ രു മനുഷ്യനുംവീണ് പോകുന്ന ദൈന്യത യിൽ മുങ്ങി നിൽക്കുന്നു അവൾ.എന്നെ മ നസിലാകാത്തത് കൊണ്ടാവാം തല താഴ് ത്തിയിട്ടു.

5 വർഷം കൊണ്ട് എന്നെ മറന്ന് പോക ണമെങ്കിൽ മനസ് നോർമലല്ല എന്ന് ബോ ധ്യമായി നടവഴിയിൽ വെച്ച ചെണ്ടയെടു ത്ത്ഞാൻ കൊട്ടി എന്നിട്ടും നോക്കിയില്ല. മുറ്റത്തെ വേലിക്കരികിൽ നിന്നൊരു ചെമ്പ രത്തി പൂപറിച്ച് വെച്ച് നീട്ടി.അപ്പഴേക്കും ആ മനസ് 5 വർഷങ്ങൾക്ക് മുന്നിലേക്ക് കുതി ച്ചിരുന്നു. അമ്മേ എന്ന്വിളിച്ചവൾ നിന്നു.

ഭീതിയാലെ എന്നെനോക്കി അകത്തേക്ക് കയറി അമ്മേ അമ്മേ എന്ന്വിളിച്ചവൾ ഏ ങ്ങലടിച്ച് കരയാൻ തുടങ്ങി.ദൈര്യപൂർ വ്വംഞാൻ വലതു കൈ നീട്ടി എന്തെ ക്കെയൊ പറയാൻ അവൾ വല്ലാതെ വീർപ്പ് മുട്ടി.വല്ലാത്തൊരു വികാരനിർഭരമായ നിമി ഷമായിരുന്നു അത്.

അമ്മേ ..അവൾ നിയന്ത്രണം വിട്ട് കര ഞ്ഞു കൊണ്ട് ഉമ്മറത്തേക്ക് വന്നു.നമ്പറിട്ട് വെച്ചിരിക്കുന്ന നോട്ട്ബുക്കിൽ ഒൻപതാം പേജിന്റെ തുടക്കത്തിൽ എഴുതിയതെന്തൊ തിരഞ്ഞു.അതെന്താണെന്നറിയാൻ എനിയ് ക്ക് ധൃതിയായ്പുസ്തകതാളിൽ നിന്ന് ഒരു വാടികരിഞ്ഞ പൂവെടുത്ത് എനിയ്ക്ക് നേ രെ നീട്ടി വിറയ്ക്കുന്ന കൈയാലെ അത് വാ ങ്ങിയെങ്കിലും നിലത്ത് വീണുഅവിടെ ഞാൻ ദർശനയുടെ മനസും കണ്ടു.യാചനാ പൂർവ്വം കേണപേക്ഷിച്ചിട്ടും വാങ്ങാതെ പോ യ പൂവാണിത്.

ഈ കൈകളിലാണി തേൽപ്പിക്കേണ്ടത്5 വർഷക്കാലം പുസ്തക താളിൽ സൂക്ഷിച്ച ആ ചെമ്പരത്തിപൂവ് വാസ്തവത്തിൽ ഹൃ ദയത്തിൽ നിന്നാണ് പറിച്ച് കൊടുത്ത ത്.നോക്കിയതല്ലാതെ ഒന്നും പറഞ്ഞില്ല.

●